## കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2025 ജൂലൈ

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 34 |
| വിദ്യാകിരണം | 36 |
| ആർദ്രം മിഷൻ | 39 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 50 |

# പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | 2021 ഏപ്രിൽ മുതൽ 2025 ജൂൺ വരെ | ജൂലൈ | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 335 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 35,751 | 4747 | 40,498 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 50,988 | 748 | 51736 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 4,188 | 32 | 4,220 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5,923 | 20 | 5,943 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 10,334 | 90 | 10,424 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 19,684 | 78 | 19,762 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 891 | 25 | 916 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 79,897 | 1328 | 81,225 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 1,034 |
| ജല ബജറ്റ് റിപ്പോർട്ട് അവതരണത്തിന് സജ്ജമായിട്ടുള്ള ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം)<br>(*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 517 | 25 | 542 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (എണ്ണം)<br>(*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 383 | 21 | 404 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 4,164.48 | 242.79 | 4407.27 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| **പ്രവർത്തനങ്ങൾ** | **2019 ജൂൺ മുതൽ 2025 ജൂൺ വരെ** | **ജൂലൈ** | **ആകെ** |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3,987 | 43 | 4030 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1,252.68 | 20.21 | 1272.89 |
| **നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ** | | | |
| ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 152 |
| കാർബൺ സർവ്വേ പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ (GIDA) | | | 8 |
| കാർബൺ സർവ്വേ നടക്കുന്ന സ്ഥാപനങ്ങൾ (Institutions) | | | 54 |
| കാർബൺ നെഗറ്റിവ് പദവികൈവരിച്ചസ്ഥാപനങ്ങൾ (Institutions) | | | 10 |
| **ഒരു തൈ നടാം** | | | |
| ജനകീയമായി ശേഖരിച്ച തൈകളുടെ എണ്ണം | | | 46,06,387 |
| സർക്കാർ സ്ഥാപനതലത്തിൽ ശേഖരിച്ച തൈകളുടെ എണ്ണം | | | 8,66,631 |
| ആകെ ശേഖരിച്ച തൈകളുടെ എണ്ണം | | | 54,73,018 |
| സ്വകാര്യഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | 40,10,650 |
| പൊതുഭൂമിയിൽ നട്ട തൈകളുടെ എണ്ണം | | | 6,56,782 |
| ആകെ നട്ട തൈകളുടെ എണ്ണം | | | 46,67,432 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2025 ജൂലൈ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പറഞ്ഞ നിലവിൽ 152 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

എറണാകുളം നഗരത്തോട് ചേർന്ന് ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഗോശ്രീ ദ്വീപ് സമൂഹത്തിൽ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് GIDAയുമായി ചേർന്ന് സമഗ്രമായ ഒരു പദ്ധതി ആരംഭിച്ചു. ഗോശ്രീ ദ്വീപ് വികസന അതോറിട്ടിയിൽ ഉൾപ്പെട്ട വൈപ്പിൻ ബ്ലോക്കിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം, കുഴുപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളുടെയും ഇടപ്പള്ളി ബ്ലോക്കിലെ കടമക്കുടി, മുളവുകാട്, എളങ്കുന്നപ്പുഴ എന്നീ 3

ഗ്രാമപഞ്ചായത്തുകളുടെയും കാർബൺ എമിഷൻ സർവ്വേ ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ച മൊബൈൽ ആപ് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ പ്രധാനപ്പെട്ട സ്ഥാപനങ്ങളിലും 10% വീടുകളിലുമാണ് സർവ്വേ നടത്തിയിട്ടുള്ളത്. ഇതിനായി എന്യുമറേറ്റർമാരെ നിയമിക്കുകയും ഹരിത കേരളം മിഷൻ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലഭ്യമായ ഡാറ്റാ സൂക്ഷ്മ പരിശോധന നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കുന്നുണ്ട്. ഊർജ്ജ സംരക്ഷണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന ഹരിതവൽക്കരണം, മാലിന്യസംസ്കരണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകി പദ്ധതികൾ രൂപീകരിക്കുന്നുണ്ട്. ഗോശ്രീ പ്രദേശത്തെ സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകൾ സൗരോർജ്ജത്തിലേക്കു മാറ്റുന്നതിനുള്ള പദ്ധതി രൂപരേഖ അനെർട് തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം തന്നെ മുൻഗണനാ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും.

ഇതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലകളിലെ 54 സ്ഥാപനങ്ങളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ച മൊബൈൽ ആപ് ഉപയോഗിച്ച് എമിഷൻ സർവ്വേ നടത്തിയിട്ടുണ്ട്. നിലവിൽ 10 സ്ഥാപനങ്ങൾ കാർബൺ നെഗറ്റിവ് പദവി കൈവരിച്ചിട്ടുണ്ട്.

| ജില്ല | കാർബൺ നെഗറ്റിവ് പദവി ലഭിച്ച സ്ഥാപനങ്ങളുടെ പേര് |
|---|---|
| തിരുവനന്തപുരം | മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ, തിരുവനന്തപുരം |
| ആലപ്പുഴ | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| തൃശൂർ | ജ്യോതി എൻജിനിയറിങ് കോളേജ്, പാഞ്ഞാൾ |
| മലപ്പുറം | നിലമ്പൂർ തേക്ക് മ്യൂസിയം |
| വയനാട് | NAAUP സ്കൂൾ, മാനികാവ് |
| കണ്ണൂർ | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി |
| | കണ്ണൂർ സെൻട്രൽ ജയിൽ |
| കാസർഗോഡ് | നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, പടന്നക്കാട് |
| | എ സി കെ എൻ എസ് ജി യു പി എസ്, മേലാങ്കോട്ട് |
| | ജി എൽ പി എസ്, മാലപ്പാച്ചേരി |

❖ കൊല്ലം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത പനയം, മൈലം ഗ്രാമപഞ്ചായത്തുകളിൽ ജൂലൈ മാസത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു. പനയം ഗ്രാമപഞ്ചായത്തിൽ ചേർന്ന പ്രഥമിക യോഗത്തിന് ശേഷം സംഘടക സമിതി, സാങ്കേതിക സമിതി, പഞ്ചായത്ത്തല കോർ ഗ്രൂപ്പ് എന്നിവ രൂപീകരിക്കുകയും വിപുലമായ ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു.

❖ കൊല്ലം ജില്ലയിൽ തിരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിൽ WRI യുമായി ചേർന്ന് നടത്തിയ ഊർജ കാര്യക്ഷമത പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റൂഫ് ടോപ്പ് സോളാർ സാധ്യത പഠന റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരണം നടത്തി.

❖ കൊല്ലം ജില്ലയിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സോളാർ സ്ഥാപിക്കാൻ ബ്ലോക്ക് പഞ്ചായത്ത് 15 ലക്ഷം രൂപയുടെയും, കരവാളൂർ പഞ്ചായത്തിൽ 5 ലക്ഷം രൂപയുടെയും, നെടുമ്പന സി.എച്ച്.സിയിൽ 45 ലക്ഷം രൂപയുടെയും പ്രോജക്റ്റ് വച്ചിട്ടുണ്ട്. നെടുമ്പന സി.എച്ച്.സിയിൽ എസ്.സി കുടുംബങ്ങൾക്ക് ആദിത്യ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി 17 വീടുകളിൽ 86 ലക്ഷം രൂപയുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ടെൻഡറായിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ മൈലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനു 4.45 ലക്ഷം രൂപയുടെയും സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപയുടെയും പ്രൊജക്റ്റ് വച്ച് അപ്രൂവൽ ലഭ്യമായിട്ടുണ്ട്. കൊട്ടാരക്കര നഗരസഭയിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും പൊതു സ്ഥലങ്ങളിലും സോളാർ സ്ട്രീറ്റ് ലൈറ്റിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

❖ പത്തനംതിട്ട ജില്ലയിൽ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ റൂഫ് ടോപ്പ് സോളാർ സാധ്യത പഠന റിപ്പോർട്ട് അവതരിപ്പിച്ചു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി റിവിഷനിൽ

പുതുതായി ഉൾപ്പെടുത്തി ഗവൺമെന്റ് സ്കൂളിലും, വെറ്ററിനറി ഹോസ്പിറ്റലിലും സോളാർ സ്ഥാപിക്കുന്നതിനായി പ്രോജക്ട് വെച്ചിട്ടുണ്ട്. കൂടാതെ വനിതകൾക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ, OA-മാരുടെ ഉപയോഗത്തിന് ഇലക്ട്രിക് സ്കൂട്ടർ തുടങ്ങിയ പദ്ധതികൾക്കായി പ്രോജക്ട് വച്ചിട്ടുണ്ട്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ട്രൈ സൈക്കിളിനുള്ള പ്രോജക്ടും വെച്ചിട്ടുണ്ട്.

- ❖ പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര, കടമ്പനാട് ഗ്രാമപഞ്ചായത്തുകളിൽ അംഗൻ ജ്യോതി ഉപകരണങ്ങളുടെ പരിശോധന പൂർത്തിയായി. കുന്നന്താനം ഗ്രാമപഞ്ചായത്തിൽ 5 അംഗൻവാടികളിൽ കൂടി പരിശോധന നടത്തേണ്ടതുണ്ട്. സീതത്തോട്, ഇരവിപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരിശോധന ആഗസ്റ്റ് മാസം നടക്കും.
- ❖ ആലപ്പുഴ ജില്ലയിൽ അംഗൻജ്യോതി പദ്ധതി പ്രകാരം നൽകിയിട്ടുള്ള ഇൻഡക്ഷൻ കുക്കർ, പ്രഷർ കുക്കർ, മിൽക്ക് കുക്കർ, ഇഡ്ഡലി കുക്കർ, ഉരുളി, സോസ് പാൻ, കലം തുടങ്ങിയവ മുഴുവൻ അംഗനവാടികളും കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മ സേനയുടെ സേവനം ലഭ്യമാകുന്നുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി പിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ അംഗൻജ്യോതി പദ്ധതി പ്രകാരം നൽകിയിട്ടുള്ള ഉപകരണങ്ങളുടെ ഉപയോഗക്രമവും മറ്റു വിവരങ്ങളും അറിയുന്നതിനായി ജൂലൈ മാസത്തിൽ 16 അങ്കണവാടികൾ ഹരിത കേരളം മിഷൻ നേരിട്ട് സന്ദർശിച്ചു വിലയിരുത്തൽ നടത്തി.
- ❖ കോട്ടയം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിൽ പുതിയതായി തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ആദ്യ ഘട്ട സർവ്വേ ആരംഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ അവലോകന യോഗം മരിയാപുരം, കാമാക്ഷി, ഇരട്ടയാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടന്നു. പങ്കാളിത്തം - 63. നെറ്റ് സീറോ കാർബൺ കോർ ഗ്രൂപ്പ് യോഗം സേനാപതി, ഉടുമ്പന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൂലൈ മാസം നടന്നു. പങ്കാളിത്തം - 20.
- ❖ ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ 10 സ്കൂളുകളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്ലാസുകൾ നൽകി. പങ്കാളിത്തം – 1500.
- ❖ എറണാകുളം ജില്ലയിൽ സീറോ കാർബൺ സർവേയുടെ ഭാഗമായി തേവര സെക്രട് ഹാർട്ട് കോളേജിൽ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചു.
- ❖ തൃശൂർ ജില്ലയിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 4 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു.
- ❖ തൃശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മൂപ്ലിയം ഫാമിലി ഹെൽത്ത് സെന്ററിൽ 10kwh താഴെയുള്ള സോളാർ യുണിറ്റ് വെക്കുന്നതിനു അനർട്ടിന്റെ ഓഫീസിലേക്ക് പ്രൊപോസൽ വച്ചു. പഞ്ചായത്തിലെ 2 അങ്കണവാടികളിലും 1kw ന്റെ സോളാർ യുണിറ്റ് സ്ഥാപിക്കുന്നതിനും തീരുമാനമായി. പഞ്ചായത്ത് കാര്യാലയത്തിൽ 10kwh ന്റെ സോളാർ സ്ഥാപിച്ചു.
- ❖ പാലക്കാട് ജില്ലയിൽ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ഘടക സ്ഥാപനങ്ങളിലും കാർബൺ ഓഡിറ്റിംഗ് സർവ്വേ നടന്നു. ജില്ലയിലെ 43 സ്ഥാപനങ്ങൾ നിലവിൽ കാർബൺ ഓഡിറ്റിംഗ് പൂർത്തിയാക്കി. ജൂലൈ മാസത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 21 ഘടക സ്ഥാപനങ്ങളിലും, പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 14 ഘടക സ്ഥാപനങ്ങളിലും, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിലെ 9 ഘടക സ്ഥാപനങ്ങളിലും സർവ്വേ പൂർത്തീകരിച്ചു.
- ❖ മലപ്പുറം ജില്ലയിലെ സാഫി കോളേജ്, മൂത്തേടം FHC, വെട്ടം PHC, തേക്ക് മ്യൂസിയം എന്നീ 4 സ്ഥാപനങ്ങൾ ആണ് നെറ്റ് സീറോ കാർബൺ പ്രഖ്യാപനത്തിന് വേണ്ടി തിരഞ്ഞെടുത്തിട്ടുള്ളത്. 4 സ്ഥാപനങ്ങളിലും സർവ്വേ നടത്തി.
- ❖ മലപ്പുറം ജില്ലയിലെ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിൽ സ്വതന്ത്ര്യ ദിനത്തിൽ സൈക്കിൾ റാലി നടത്താൻ വേണ്ടി തീരുമാനിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ കാർബൺ ജില്ലാ കോർകമ്മറ്റി യോഗം ജൂലൈ 31 ന് നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ അംഗൻജ്യോതി അവസ്ഥാ വിശകലനത്തിനായി വടകര നഗരസഭ, ചക്കിട്ടപ്പാറ, കൂടരഞ്ഞി എന്നിവിടങ്ങളിൽ അങ്കണവാടി സെക്ടർ യോഗങ്ങളിൽ പങ്കെടുക്കുകയും ഡാറ്റാ ശേഖരണം ആരംഭിക്കുകയും ചെയ്തു. ഇത് വരെ 103 അങ്കണവാടികളിൽ അവസ്ഥാ

വിശകലനം നടത്തിയതിൽ 66 ഇടത്തും ഇൻഡക്ഷൻ സ്റ്റൗ ഉപയോഗിക്കുന്നില്ല എന്നാണ് വ്യക്തമായത്. ഇതിൽ 57 ഇടത്തും സ്വിച്ച് ബോർഡ് പ്രവർത്തന ക്ഷമമല്ലാത്തതാണ് കാരണമായി ലഭിച്ചിട്ടുള്ളത്. വടകര നഗരസഭയിൽ ഇതിനുള്ള പരിഹാര മാർഗ്ഗമായി പ്രോജക്ട് ഏറ്റെടുപ്പിക്കാൻ തീരുമാനമായിട്ടുണ്ട്.

- ❖ കോഴിക്കോട് ജില്ലയിൽ ജൂലൈ മാസം ഊർജ സംരക്ഷണ ക്ലാസ് നടത്തിയ അംബേദ്കർ കോളേജിൽ വിദ്യാർഥികളുടെ വീട്ടിലെ വൈദ്യുത ബിൽ ശേഖരിച്ച് വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 26 സ്ഥാപനങ്ങളിൽ നെറ്റ് സീറോ സർവ്വേ നടത്തി.
- ❖ കോഴിക്കോട് ജില്ലയിൽ സോളാർ ഫീസിബിലിറ്റി സർവ്വേ അവതരണം നെറ്റ് സീറോ ക്യാമ്പയിനിൽ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുകയും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ നെറ്റ് സീറോ വാർഡ് പ്രവർത്തനങ്ങളുടെ ഭാഗമായി വടകര നഗരസഭയിലെ വാർഡ് 29-തിലെ ഗ്രാമസഭയിൽ നെറ്റ് സീറോ അജണ്ട വയ്ക്കുകയും വാർഡിലെ 1000നു മുകളിൽ കറണ്ട് ബിൽ വരുന്ന വീടുകളിലെ അംഗങ്ങളുടെ യോഗം വിളിക്കുവാനും തീരുമാനിച്ചു. മുഴുവൻ വീടുകളിലും ചെറുപച്ചത്തുരുത്തുകൾ സ്ഥാപിക്കാനും ഗതാഗത ബോധവൽക്കരണ ക്യാമ്പയിൻ നടത്താനും തീരുമാനിച്ചു. 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി ശില്പശാലകൾ ബോധവൽക്കരണ ക്യാമ്പയിനുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.
- ❖ വയനാട് ജില്ലയിൽ ഹരിത സ്ഥാപങ്ങളായി സർട്ടിഫിക്കറ്റ് ലഭിച്ച സ്ഥാപനങ്ങളിൽ ആപ്പ് ഉപയോഗിച്ചുള്ള നെറ്റ് സീറോ സർവെ നടന്നുവരുന്നു.
- ❖ വയനാട് ജില്ലയിൽ ജൂലൈ മാസത്തിൽ നെറ്റ് സീറോ ഇന്റേൺസ് മീനങ്ങാടി, തിരുനെല്ലി, അമ്പലവയൽ, എടവക എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഘടക സ്ഥാപനങ്ങളിൽ നെറ്റ് സീറോ ക്യാമ്പയിൻ സർവ്വെയെക്കുറിച്ച് വിശദീകരണം ചെയ്തു. പച്ചത്തുരുത്ത് സർവെയുമായി ബന്ധപ്പെട്ട് വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചോലപ്പുറം പച്ചത്തുരുത്ത് സന്ദർശിച്ചു വിവരശേഖരണം നടത്തി.
- ❖ വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ ക്യാമ്പയിനിന്റെ ഭാഗമായി അങ്കണവാടികളിൽ സോളാർ പാനൽ വെക്കുന്നത് സംബന്ധിച്ച് യോഗം ചേരുകയും 4 അങ്കണവാടികളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. കൂടുതൽ അങ്കണവാടികളിൽ പാനൽ സ്ഥാപിക്കുന്നതിനായി വിശദമായ യോഗം ചേരുവാനും തീരുമാനിച്ചു.
- ❖ വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ 28 അങ്കണവാടികളിൽ ഊർജ്ജ കാര്യക്ഷമത ഉപകരണങ്ങൾ നൽകിയതിന്റെ ഇംപാക്ട് സ്റ്റഡി നടത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും 2 അങ്കണവാടികളിൽ സോളാർ പാനൽ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട സാധ്യത പഠനം നടത്തി.
- ❖ കണ്ണൂർ ജില്ലയിലെ നെറ്റ് സീറോ ക്യാമ്പയിനിന്റെ തദ്ദേശസ്ഥാപനതല കോർ ഗ്രൂപ്പ് യോഗങ്ങൾ 2025 ജൂലൈ മാസം 14 ഗ്രാമപഞ്ചായത്തുകളിൽ ചേർന്നു.
- ❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ സ്ഥാപനതല സർവ്വെ ജൂലൈ മാസം വരെ 59 സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. മറ്റ് ഹരിതസ്ഥാപനങ്ങളും വിദ്യാലയങ്ങളും കൂടി 9 സ്ഥാപനങ്ങളിൽ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലയിൽ 68 സ്ഥാപനങ്ങളിൽ സർവ്വെ നടത്തി. മിഷൻ 26 ന്റെ ആക്ഷൻ പ്ലാൻ അനുസരിച്ച് ജൂലൈ മാസം നെറ്റ് സീറോ പഞ്ചായത്തുകളിലെ സ്ഥാപനങ്ങൾ മാത്രം കേന്ദ്രീകരിച്ചാണ് സർവ്വെ നടത്തിയിട്ടുള്ളത്.
- ❖ കാസർഗോഡ് ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ജില്ലാ-ഗ്രാമപഞ്ചായത്ത് തല കോർഗ്രൂപ്പ് അംഗങ്ങളുടെ യോഗം 2025 ജൂലൈ 31 ന് ചേർന്നു.
- ❖ കാസർഗോഡ് ജില്ലയിൽ സർവ്വെ നടത്തുന്ന സ്ഥാപനങ്ങളിൽ ആർ പി മാർ സാധ്യമാകുന്ന ഇടങ്ങളിൽ നെറ്റ് സീറോ ഊർജ്ജസംരക്ഷണം ക്ലാസുകൾ കൂടി നൽകി വരുന്നു. സിഡിഎസ് യോഗങ്ങളിലും ക്ലാസുകൾ നൽകുന്നുണ്ട്. 14 ഊർജ്ജസംരക്ഷണ ക്ലാസുകൾ ജൂലൈ മാസം നടന്നു. WRI നടത്തിയ സോളാർ ഫിസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് പഞ്ചായത്തുകളിൽ അവതരിപ്പിച്ചു.

❖ കാസർഗോഡ് ജില്ലയിൽ സോളാർ ഊർജ്ജക്ഷമത ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രൊജക്ടുകൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കേരളം മിഷൻ ഇടപെട്ടിട്ടുണ്ട്. 10 സ്ഥാപനങ്ങളിൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഊർജ്ജസംരക്ഷണ ക്ലാസുകൾ, ഗതാഗത മേഖലയിലെ ക്ലാസുകൾ എന്നിവ നടന്നു വരുന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 87 | 564 | 653 | 505 | 1722 | 35 | 2356 | 1 | 4312 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | |
| 44 | 139 | 137 | 220 | 496 | 0 | 0 | 0 | 496 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ജൂലൈ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 51735.9 കിലോമീറ്റർ നീർച്ചാലുകളും 4220 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 97,471.9 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5943 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 916 സ്ഥിരം തടയണകളും 81225 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2025 ജൂലൈ മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 7314.8 | 672 | 560 | 1127 | 3643 | 111 | 18759 |
| കൊല്ലം | 5270.2 | 238 | 498 | 738 | 3633 | 8 | 16905 |
| പത്തനംതിട്ട | 1998.3 | 202 | 212 | 607 | 994 | 29 | 5176 |
| ആലപ്പുഴ | 2518.1 | 98 | 52 | 364 | 372 | 18 | 3029 |
| കോട്ടയം | 1613.5 | 65 | 270 | 459 | 621 | 56 | 2047 |
| ഇടുക്കി | 4464.0 | 248 | 315 | 292 | 340 | 63 | 1579 |
| എറണാകുളം | 3378.4 | 184 | 296 | 862 | 523 | 22 | 6 |
| തൃശ്ശൂർ | 3930.8 | 172 | 182 | 474 | 1276 | 13 | 352 |
| പാലക്കാട് | 8470.7 | 816 | 972 | 736 | 1822 | 26 | 14964 |
| മലപ്പുറം | 1843.7 | 455 | 523 | 290 | 1974 | 239 | 1210 |
| കോഴിക്കോട് | 2649.5 | 209 | 200 | 425 | 1089 | 45 | 416 |
| വയനാട് | 2309.6 | 88 | 823 | 145 | 398 | 94 | 2645 |
| കണ്ണൂർ | 4012.6 | 606 | 565 | 2905 | 1631 | 113 | 11486 |
| കാസർഗോഡ് | 1961.8 | 167 | 475 | 1000 | 1446 | 79 | 2651 |
| ആകെ | 51735.9 | 4220 | 5943 | 10424 | 19762 | 916 | 81225 |

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം

നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 10424 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 19762 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് തിരുവനന്തപുരം (3643 എണ്ണം), കൊല്ലം (3633 എണ്ണം), ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2905). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ജൂലൈ മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 747.91 കിലോമീറ്റർ നീർച്ചാലുകളും 32 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 20 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 90 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 78 പുതിയ കിണറുകളും 25 സ്ഥിരം തടയണകളും 1328 താൽക്കാലിക തടയണകളും ജൂലൈ മാസത്തിൽ നിർമ്മിച്ചു.

| ജലസംരക്ഷണ പ്രവർത്തനങ്ങൾ ജൂലൈ മാസം | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 167.00 | 12 | 3 | 29 | 12 | 0 | 496 |
| കൊല്ലം | 88.88 | 0 | 0 | 1 | 6 | 0 | 172 |
| പത്തനംതിട്ട | 22.99 | 0 | 1 | 1 | 9 | 0 | 186 |
| ആലപ്പുഴ | 42.06 | 0 | 0 | 1 | 3 | 0 | 85 |
| കോട്ടയം | 9.52 | 0 | 2 | 3 | 6 | 0 | 51 |
| ഇടുക്കി | 32.80 | 0 | 2 | 0 | 2 | 0 | 3 |
| എറണാകുളം | 88.70 | 0 | 0 | 0 | 0 | 0 | 0 |
| തൃശ്ശൂർ | 60.27 | 1 | 1 | 1 | 8 | 0 | 0 |
| പാലക്കാട് | 92.46 | 0 | 3 | 6 | 8 | 0 | 307 |
| മലപ്പുറം | 34.06 | 18 | 6 | 12 | 8 | 25 | 24 |
| കോഴിക്കോട് | 1.60 | 0 | 0 | 0 | 6 | 0 | 0 |
| വയനാട് | 86.85 | 0 | 0 | 2 | 3 | 0 | 4 |
| കണ്ണൂർ | 14.60 | 1 | 2 | 8 | 0 | 0 | 0 |
| കാസർഗോഡ് | 6.13 | 0 | 0 | 26 | 7 | 0 | 0 |
| ആകെ | 747.91 | 32 | 20 | 90 | 78 | 25 | 1328 |

## 2.1 ഇനി ഞാൻ ഒഴുകട്ടെ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ നീർച്ചാലുകളുടെ വീണ്ടെടുക്കലിന്റെ ഭാഗമായി ആരംഭിച്ച 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ടം പ്രവർത്തനത്തിൽ 790.87 കീ.മീ. വീണ്ടെടുക്കൽ നാളിതുവരെ പൂർത്തീകരിച്ചു. ജൂലൈ മാസം 88.88 കി.മീ. നീർച്ചാലുകളാണ് വീണ്ടെടുത്തത്.
- ❖ തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ, വേലൂർ, മുരിയാട്, എന്നീ ഗ്രാമപഞ്ചായത്തുകളിലും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ ജൂലൈ മാസത്തിൽ നടന്നു.
- ❖ തൃശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിലെ ജലസുരക്ഷ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ 'ശുദ്ധജലം സ്വാശ്രയത്വം' എന്ന പേരിൽ കിണർ റീചാർജിങ് പദ്ധതി നടപ്പിലാക്കി. ആദ്യ ഘട്ടത്തിൽ 300 കിണറുകൾ റീചാർജിങ് ചെയ്യുന്നതിനായി 25 ലക്ഷം രൂപ പ്രോജെക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിൽ പൂനൂർ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും പുഴ സംരക്ഷണ പ്രവർത്തകരെയും ചേർത്ത് പുഴ

സന്ദർശനം റിപ്പോർട്ട് മാസം നടത്തി. പുഴയുടെ അവസ്ഥ ചർച്ച ചെയ്യാൻ ആഗസ്റ്റ് മാസം യോഗം കൂടുന്നതാണ്. ആഗസ്റ്റ് 23 ന് പൂനൂർപുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ഒരു ഏകദിന ശില്പശാല നടത്തുന്നതിനും തീരുമാനിച്ചു.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്.. കേരളത്തിലെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 633 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ 542 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റിന്റെ റിപ്പോർട്ട് ആയിട്ടുണ്ട്. ഇവയിൽ ഉൾപ്പെട്ട 404 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ജൂലൈ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജൂലൈ മാസം സംസ്ഥാനത്താകെ 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചു. കൊല്ലം (7), ആലപ്പുഴ (3), ഇടുക്കി (3), തൃശ്ശൂർ (1), പാലക്കാട് (6), കണ്ണൂർ (1), എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൂലൈ മാസം റിപ്പോർട്ട് പ്രകാശനം ചെയ്തു.

| ജല ബജറ്റ് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
| തിരുവനന്തപുരം | 78 | 50 | 14 |
| കൊല്ലം | 73 | 44 | 39 |
| പത്തനംതിട്ട | 57 | 17 | 13 |
| ആലപ്പുഴ | 78 | 16 | 11 |
| കോട്ടയം | 77 | 50 | 9 |
| ഇടുക്കി | 54 | 25 | 18 |
| എറണാകുളം | 96 | 21 | 15 |
| തൃശ്ശൂർ | 94 | 27 | 20 |
| പാലക്കാട് | 95 | 43 | 36 |
| മലപ്പുറം | 106 | 23 | 16 |
| കോഴിക്കോട് | 78 | 78 | 76 |
| വയനാട് | 26 | 26 | 26 |
| കണ്ണൂർ | 81 | 81 | 70 |
| കാസർഗോഡ് | 41 | 41 | 41 |
| ആകെ | 1034 | 542 | 404 |

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

❖ കൊല്ലം ജില്ലയിൽ ജൂലൈ മാസത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ആറ് ഗ്രാമപഞ്ചായത്തുകളിൽ കൂടി ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കരുനാഗപ്പള്ളി നഗരസഭ, കൊല്ലം കോർപ്പറേഷൻ, ഓച്ചിറ ബ്ലോക്ക്പഞ്ചായത്ത് എന്നിവിടങ്ങളിലെ ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പരിശീലനങ്ങളും പൂർത്തീകരിച്ചു. ജൂലൈ മാസത്തിൽ അഞ്ചൽ ബ്ലോക്ക്പഞ്ചായത്തിലെ അഞ്ചൽ, കരവാളൂർ, ഇടമുളയ്ക്കൽ, കുളത്തുപ്പുഴ എന്നീ

ഗ്രാമപഞ്ചായത്തുകളിലെ കരട് റിപ്പോർട്ട് കമ്മിറ്റിയിൽ അവതരണം നടത്തി.

- കൊല്ലം ജില്ലയിലെ സെമി ക്രറ്റിക്കൽ ബ്ലോക്കിൽ ഉൾപ്പെട്ട ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിലെ മൈനാഗപ്പള്ളി, ശാസ്താംകോട്ട, പടിഞ്ഞാറേകല്ലട, ശൂരനാട് സൗത്ത്, പോരുവഴി, കുന്നത്തൂർ, ശൂരനാട് നോർത്ത് എന്നീ ഗ്രാമപഞ്ചായത്തുകളുടെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം കുന്നത്തൂർ നിയോജക മണ്ഡലം MLA കോവൂർ കുഞ്ഞുമോൻ നിർവ്വഹിച്ചു.
- കൊല്ലം ജില്ലയിൽ ആഗസ്റ്റ് മാസം സെമിക്രിറ്റിക്കൽ ബ്ലോക്കുകളായ മുഖത്തല, ശാസ്താംകോട്ട എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ഒ.ഡി.കെ കളക്റ്റ് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നീർച്ചാലുകളുടെ മാപിംഗ് ആരംഭിക്കും. അഞ്ചൽ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തുകളിലെ ജലബജറ്റ് പ്രകാശനം ആഗസ്റ്റ് മാസത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ്, കോന്നി, പന്തളം, പറക്കോട്, കോയിപ്രം, ഇലന്തൂർ എന്നീ ബ്ലോക്കുകളിൽ സാങ്കേതിക സമിതി കൂടിയിട്ടുണ്ട്. വിവരശേഖരണം നടന്നു വരുന്നു.
- ആലപ്പുഴ ജില്ലയിൽ പാണാവള്ളി, തൈക്കാട്ടുശ്ശേരി, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് പ്രകാശനം അതാത് പഞ്ചായത്ത് പ്രസിഡന്റുമാർ നിർവഹിച്ചു.
- ആലപ്പുഴ ജില്ലയിലെ പെരുമ്പളം, ചേന്നംപള്ളിപ്പുറം, അരൂക്കുറ്റി എന്നീ ഗ്രാമപഞ്ചായത്തുകളുടെ ജല ബജറ്റ് പ്രകാശനം ആഗസ്റ്റ് മാസം പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാവേലിക്കര, താമരക്കുളം, പാലമേൽ എന്നീ ഗ്രാമപഞ്ചായത്തുകളുടെ കരട് റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.
- ഇടുക്കി ജില്ലയിലെ കരുണാപുരം, നെടുങ്കണ്ടം, കൊന്നത്തടി എന്നീ ഗ്രാമപഞ്ചായത്തുകളുടെ ജല ബജറ്റ് അവതരണം ജൂലൈ മാസത്തിൽ നടന്നു.
- എറണാകുളം ജില്ലയിലെ അങ്കമാലി, കോതമംഗലം എന്നീ ബ്ലോക്കുകളുടെ സാങ്കേതിക സമിതി യോഗം ജൂലൈ മാസത്തിൽ ചേർന്നു.
- തൃശൂർ ജില്ലയിൽ ജൂലൈ മാസത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ ജലബജറ്റ് റിപ്പോർട്ട് അവതരണം നടന്നു. ജില്ലയിലെ 16 ഗ്രാമപഞ്ചായത്തുകളുടെ വിവരശേഖരണം പൂർത്തിയായി.
- പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറി കൊണ്ട് നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ ജൂലൈ മാസം തിരുവേഗപുര, കൊപ്പം, കുലുക്കല്ലൂർ, വിളയൂർ, മുതുതല, ഓങ്ങല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് റിപ്പോർട്ട് പ്രകാശനം ചെയ്തു.
- പാലക്കാട് ജില്ലയിലെ നെന്മാറ, മലമ്പുഴ എന്നീ ബ്ലോക്കുകളുടെ കരട് റിപ്പോർട്ടുകളുടെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. കൊല്ലങ്കോട്, അട്ടപ്പാടി, ഒറ്റപ്പാലം, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ ബ്ലോക്കുകളുടെ ബ്ലോക്ക് തല കൺവെൻഷൻ ആഗസ്റ്റ് മാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- മലപ്പുറം ജില്ലയിൽ ജൂലൈ മാസത്തിൽ 19 ഗ്രാമപഞ്ചായത്തുകളിലായി ജല ബജറ്റ് വിവരശേഖരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- കോഴിക്കോട് ജില്ലയിൽ നേരത്തെ പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ച എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ജല ബജറ്റ് ഔദ്യോഗിക പ്രകാശനം ജൂലൈ മാസം നടന്നു. കോഴിക്കോട് കോർപ്പറേഷന്റെയും, മുക്കം നഗരസഭയുടെയും ജല ബജറ്റ് റിപ്പോർട്ട് ആഗസ്റ്റ് മാസം പൂർത്തീകരിക്കാൻ തീരുമാനിച്ചു.
- വയനാട് ജില്ലയിലെ ജലബജറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതിക സമിതി യോഗങ്ങൾ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തിയായി. മാനന്തവാടി ബ്ലോക്കിന്റെ ജലബജറ്റ് ജലസുരക്ഷ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ബ്ലോക്ക് തല സാങ്കേതിക സമിതി യോഗം ചേർന്നു.
- കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠാപുരം നഗരസഭ ജലബജറ്റ് പ്രകാശനം ജൂലൈ മാസത്തിൽ നടന്നു. മട്ടന്നൂർ, ഇരിട്ടി, തളിപ്പറമ്പ എന്നീ നഗരസഭകളും കണ്ണൂർ കോർപറേഷനും ഇരിക്കൂർ, എരുവേശി, പയ്യാവൂർ, ഉളിക്കൽ, അയ്യങ്കുന്ന്, ആറളം, തില്ലങ്കേരി എന്നീ ഗ്രാമപഞ്ചായത്തുകളും ആഗസ്റ്റ് മാസം തന്നെ ജല ബജറ്റ് റിപ്പോർട്ട് പ്രകാശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

- ❖ കാസർഗോഡ് ജില്ലയിൽ കോഴിക്കോട് CWRDM-മായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജലസുരക്ഷ പ്ലാൻ പുതുക്കി തയ്യാറാക്കുവാൻ തീരുമാനിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ജലബജറ്റ് – നീരുറവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ക്രിട്ടിക്കൽ സെമി ക്രിട്ടിക്കൽ ബ്ലോക്കായ കാസർഗോഡ്, മഞ്ചേശ്വരം ബ്ലോക്ക്തല ടെക്നിക്കൽ കമ്മിറ്റി യോഗങ്ങൾ, ജി പി എൽ ടി സി യോഗങ്ങൾ ചേർന്നു. ഉദുമ ഗ്രാമപഞ്ചായത്തിൽ ഇനി ഞാൻ ഒഴുകട്ടെ ശിൽപ്പശാല നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ജലശക്തി അഭിയാന്റെ അവലോകന യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചേർന്നു. വിവിധ ഏജൻസികളിലൂടെ നടപ്പാക്കുന്ന ജലസുരക്ഷ പ്രവർത്തനങ്ങൾ ജില്ലാ ജലസുരക്ഷ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി. പ്രധാനമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭൂജല വകുപ്പ്, മണ്ണ് സംരക്ഷണം, നബാർഡ്, കൃഷി വകുപ്പ് തുടങ്ങിയ മേഖലകളിൽ ടാർജെറ്റും പ്രവർത്തന പുരോഗതിയും അവലോകനം ചെയ്തു.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകളിലെ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 107 | 392 | 545 | 548 | 1485 | 8 | 45 | 0 | 2148 |

## 4.സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതായിട്ടുണ്ട്.ഇതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളോട് ചേർന്നുള്ള 230 ഗ്രാമപഞ്ചായത്തുകളിലുള്ള നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ (RKI) സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് നടപ്പിലാക്കിയിട്ടുള്ളത്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ഈ പഞ്ചായത്തുകളിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഹരിത കേരളം മിഷൻ ഉദ്യോഗസ്ഥർ നേരിട്ട് ഫീൽഡ് സന്ദർശനം നടത്തി ഓപ്പൺ സ്ട്രീം മാപിൽ നീർച്ചാലുകൾ അടയാളപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഭൂമിശാസ്ത്രപരമായ പ്രാദേശിക അറിവുകൾ കൂടി ഭൂപടത്തിൽ രേഖപെടുത്തിയിട്ടുണ്ട്. പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 ഗ്രാമപഞ്ചായത്തുകളിലും ശാസ്ത്രീയ മാപിംഗ് ജോലികൾ പൂർത്തീകരിച്ച് വ്യക്തമായ മാപുകൾ നിർമ്മിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഈ മാപുകൾ ഉപയോഗപ്പെടുത്തി, നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിലെ 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 158 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലൈ മാസത്തിൽ 242.79 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 158 ഗ്രാമപഞ്ചായത്തുകളിലായി 4407.27 കി.മീ. നീർച്ചാൽ പുനരുജ്ജീവനം

നടത്തി.

| രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ജില്ലകൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് തല പ്രവർത്തനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ജൂലൈ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 31.83 | 464.73 |
| പത്തനംതിട്ട | 16 | 7 | 6.40 | 169.18 |
| കോട്ടയം | 32 | 32 | 3.50 | 121.55 |
| ഇടുക്കി | 26 | 0 | 0.00 | 0.00 |
| എറണാകുളം | 17 | 17 | 40.85 | 834.66 |
| പാലക്കാട് | 51 | 41 | 60.56 | 1968.72 |
| കോഴിക്കോട് | 14 | 14 | 0.00 | 140.28 |
| വയനാട് | 26 | 22 | 86.85 | 300.15 |
| കണ്ണൂർ | 18 | 18 | 12.80 | 408.00 |
| ആകെ | 207 | 158 | 242.79 | 4407.27 |

❖ വയനാട് (86.85 കി.മീ), പാലക്കാട് (60.56 കി.മീ), എറണാകുളം (40.85 കി.മീ), കൊല്ലം (31.83 കി.മീ), കണ്ണൂർ (12.80 കി.മീ), പത്തനംതിട്ട (6.40കി.മീ), കോട്ടയം (3.50 കി.മീ) എന്ന തോതിൽ നീർച്ചാൽ പുനരുജ്ജീകരണം ജൂലൈ മാസത്തിൽ നടന്നു.

❖ കൊല്ലം ജില്ലയിൽ നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി കൊല്ലം ജില്ലയിൽ 464.72 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കോട്ടയം ജില്ലയിൽ നാളിതുവരെ 31 ഗ്രാമപഞ്ചായത്തുകളിലായി 121.55 കി.മീ നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കോഴിക്കോട് ജില്ലയിൽ സെമിക്രിട്ടിക്കൽ ബ്ലോക്കായ കുന്ദമംഗലം ബ്ലോക്കിൽ നീർച്ചാൽ മാപിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

❖ വയനാട് ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങൾ നടത്തിയ ഭാഗങ്ങളിലെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ പോലെയുള്ള പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങളിലെ നീർച്ചാലുകളുടെ വിവരശേഖരണം ജൂലൈ മാസം നടന്നു.

❖ കണ്ണൂർ ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ജൂലൈ മാസം 12.80 കി.മീ നീർച്ചാൽ ശുചീകരണം നടത്തി.

| മാപ്പത്തോൺ 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ / ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 19 | 56 | 50 | 36 | 142 | 0 | 0 | 0 | 167 |

## 5. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ

നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 335 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 144 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 40,498 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 215 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | |
|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | |
| | | ജൂൺ വരെ | ജൂലൈ | ആകെ |
| തിരുവനന്തപുരം | 13 | 1,602 | 0 | 1,602 |
| കൊല്ലം | 11 | 1,485 | 128 | 1,613 |
| പത്തനംതിട്ട | 21 | 375 | 2172 | 2,547 |
| ആലപ്പുഴ | 28 | 935 | 2 | 937 |
| കോട്ടയം | 31 | 2,040 | 688 | 2,728 |
| ഇടുക്കി | 51 | 2,749 | 28 | 2,777 |
| എറണാകുളം | 54 | 1,312 | 1111 | 2,423 |
| തൃശ്ശൂർ | 54 | 19,479 | 616 | 20,095 |
| പാലക്കാട് | 10 | 269 | 1 | 270 |
| മലപ്പുറം | | | | |
| കോഴിക്കോട് | 29 | 2,119 | 0 | 2,119 |
| വയനാട് | | | | |
| കണ്ണൂർ | 21 | 2,226 | 0 | 2,226 |
| കാസർഗോഡ് | 12 | 1,160 | 1 | 1,161 |
| ആകെ | 335 | 35,751 | 4747 | 40,498 |

- ❖ കൊല്ലം ജില്ലയിൽ APHSS ആദിച്ചനല്ലൂർ, GHSS കോയിക്കൽ, GHSS ഒറ്റക്കൽ, GHSS പറവൂർ, തെക്കുംഭാഗം, GHSS പൂതക്കുളം, GHSS വെള്ളമണൽ, GVHSS ചാത്തന്നൂർ, GVHSS ഇരവിപുരം, തട്ടാമല എന്നീ ലാബുകളിലേക്ക് കിറ്റ്, കെമിക്കൽ എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ച പദ്ധതികൾ പ്രകാരം കിറ്റ്, കെമിക്കൽ എന്നിവ വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ ജലഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട പരിശീലനം ഓഗസ്റ്റ് 8 ന് തലവടി ഗവൺമെന്റ് എച്ച്.എസ്.എസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.
- ❖ കോട്ടയം ജില്ലയിൽ നാളിതുവരെ 2728 ടെസ്റ്റുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ജൂലൈ മാസത്തിൽ 688 ജലഗുണനിലവാര ടെസ്റ്റുകൾ നടന്നിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ലാബുകൾ സ്ഥാപിച്ച സ്കൂളുകളുടെ ജില്ലാതല യോഗം നടന്നു.
- ❖ എറണാകുളം ജില്ലയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്, ജിഎച്ച്എസ്എസ് പുതിയകാവ് സ്കൂൾ, കൊച്ചി കോർപറേഷൻ അയ്യപ്പൻകാവ് ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ ജലഗുണനിലവാര ലാബുകളുടെ ഉദ്ഘാടനം നടന്നു.
- ❖ എറണാകുളം ജില്ലയിൽ പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കൻഡറി സ്കൂളിൽ ജലഗുണ നിലവാരം പരിശോധന ക്യാമ്പയിൻ നടത്തി. നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉദ്ഘാടനം നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ ഉദയമ്പേരൂർ ഗ്രാമപഞ്ചായത്ത് SNDP HSS-ൽ ജലഗുണനിലവാര പരിശോധന ലാബിന്റെ പ്രവർത്തനം ആരംഭിച്ചു.

## 6.പാറക്വാറി റീചാർജ്

കൊല്ലം ജില്ലയിലെ കരീപ്ര പാറക്വാറി റീചാർജ്ജ് വിജയകരമായ സാഹചര്യത്തിൽ പാറക്വാറികളിലെ ജലം റീചാർജ് ചെയ്ത് കൃഷി/കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതുമായി സംബന്ധിച്ച് ജില്ലകളിലെ വിവിധ പാറക്വാറികൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട പാറമടകളിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജലം, വേനൽ കാലത്ത് കൃഷി, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സാധ്യതയാണ് പരിഗണിക്കുന്നത്. പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തി കൊണ്ട് കൂടുതൽ പ്രദേശങ്ങളിൽ കൃഷി, സമീപത്തെ കിണറുകളിൽ ജലലഭ്യത, എന്നിവ ലക്ഷ്യമിട്ടുള്ള തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ നെടുവത്തൂർ, വെളിയം, പൂയപ്പള്ളി ഏരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഉപേക്ഷിക്കപ്പെട്ട പാറക്വാറികൾ ഹരിത കേരളം മിഷൻ സന്ദർശിച്ച് സാധ്യതാ പഠനം നടത്തി.

- ❖ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കൊഴുവൻപാറ പാറമട - 1 ഏക്കർ 70 സെന്റ് റവന്യൂ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഏകദേശം 30 അടി ആഴത്തിൽ വെള്ളമുണ്ട്. പദ്ധതി നടപ്പിലാക്കിയാൽ പുല്ലാമല, കുറുമ്പാലൂർ, കോട്ടത്തല വാർഡുകളുടെ ജലക്ഷാമം പരിഹരിക്കാം. ക്വാറിയിൽ നിന്ന് 200 മീറ്റർ മാറി പുരയിടത്തിലൂടെ വെള്ളം ഒഴുകുന്നു. സമീപവാസികൾ ഹോസിട്ട് കൃഷിക്ക് ഇതിനകം വെള്ളം ഉപയോഗിക്കുന്നു.
- ❖ നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ ആനയം പാറമട - ആനക്കോട്ടൂർ വെസ്റ്റ് വാർഡിൽ 6.5 ഏക്കർ വിസ്തൃതിയിലാണ് സ്ഥിതി ചെയ്യുന്നത്. ക്വാറിക്കുള്ളിൽ മൂന്ന് കുളങ്ങളുണ്ട്. പദ്ധതി നടപ്പിലാക്കിയാൽ വെൺമണ്ണൂർ, ഇലഞ്ഞിക്കോട്, കിഴക്കേ മാറനാട് വാർഡുകൾക്ക് ഗുണം ലഭിക്കും. എഴുകോൺ ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിനും, പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ ചില വാർഡുകൾക്കും ഉൾപ്പെടെ ആകെ 17 വാർഡുകൾക്ക് ഗുണം ലഭിക്കും. അപകടസാധ്യത കൂടുതലായതിനാൽ ഫെൻസിംഗ് അനിവാര്യമാണ്.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ ചെപ്ര പരുത്തുംപാറ പാറമട - ഏകദേശം ഒന്നര ഏക്കറോളം വിസ്തൃതിയുണ്ട്. 50 അടിയിലധികം ആഴത്തിൽ വെള്ളമുണ്ട്. 500 മീറ്റർ മാറി കൈതാകോണം ആറ്റിങ്ങൽ ഏലാത്തോട് ഒഴുകുന്നു. ക്വാറിയിൽ നിന്നുള്ള വെള്ളം കല്ലുപാലം വഴി കുടവട്ടൂരിലെത്തിക്കാം. ഇതിലൂടെ ഓടനാവട്ടം, കട്ടയിൽ, കളപ്പില, പരുത്തിയറ, ചെപ്ര, വാപ്പാല വാർഡുകളുടെ ജലക്ഷാമം പരിഹരിക്കാം.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ കോട്ടയക്കോണം ക്വാറി - ഒരേക്കർ റവന്യൂ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. 40 അടിയിലധികം ആഴത്തിൽ വെള്ളമുണ്ട്. 300 മീറ്റർ മാറി കോട്ടേക്കോണം തോട് ഒഴുകുന്നു. പദ്ധതി ആരംഭിച്ചാൽ കായില, വെളിയം, ആരൂർക്കോണം, പടിഞ്ഞാറ്റിൻകര, കുടവട്ടൂർ വാർഡുകളിൽ കർഷകർക്ക് ഗുണം ലഭിക്കും.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ കായില വാർഡിലെ സ്വകാര്യ ക്വാറി (2 ഏക്കർ) - പദ്ധതി നടപ്പിലാക്കിയാൽ വെളിയം ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിനും പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങൾക്കും ഗുണം ലഭിക്കും.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ കായില വാർഡിലെ സ്വകാര്യ ക്വാറി (2.5 ഏക്കർ) - സ്വകാര്യ ഉടമസ്ഥതയിലുള്ള ക്വാറിയാണ്. പദ്ധതി നടപ്പിലാക്കിയാൽ വെളിയം, കായില വാർഡുകളിൽ ജലക്ഷാമം പരിഹരിക്കാം. 500 മീറ്റർ മാറി ഒഴുകുന്ന തോട് പൂയപ്പള്ളി പഞ്ചായത്തിലേക്ക് എത്തുന്നു. അതിനാൽ ഇരു പഞ്ചായത്തുകളും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റിൻകര ക്വാറി - വരൾച്ചക്കാലത്ത് വെള്ളം വറ്റുന്നതിനാൽ പദ്ധതി ഇവിടെ അനുയോജ്യമല്ല. സമീപത്തെ കൃഷിയിടത്തിലേക്ക് കലുങ്ക് നിർമ്മിച്ചിട്ടുണ്ട്, എന്നാൽ ആഴം കുറവായതിനാൽ ഒഴുക്ക് സുഗമമല്ല. ഇറിഗേഷൻ വകുപ്പിനെ സമീപിച്ച് നീരുറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആഴം കൂട്ടാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.
- ❖ വെളിയം ഗ്രാമപഞ്ചായത്തിലെ പരുത്തിയറ അറവലക്കുഴി ക്വാറി - സ്വകാര്യ ഉടമസ്ഥതയിലെ ഈ ക്വാറിക്ക് 17.31 ആർ വിസ്തൃതിയുണ്ട്. 45 അടിയിലധികം ആഴത്തിൽ വെള്ളമുണ്ട്. 500 മീറ്റർ മാറി

ഒഴുകുന്ന തോട് ഇത്തിക്കര ആറുമായി ചേരുന്നു. കുടവട്ടൂർ, പടിഞ്ഞാറ്റിൻകര, കൊട്ടറ, കലയക്കോട് വാർഡുകൾക്കും കരീപ്ര ഗ്രാമപഞ്ചായത്തിലെ ചില വാർഡുകൾക്കും ഗുണം ലഭിക്കും.

❖ വെളിയം ഗ്രാമപഞ്ചായത്തിലെ മുള്ളൻ പാറക്വാറി (കുടവട്ടൂർ) - 4 ഏക്കറിലധികം വിസ്തൃതിയുള്ള റവന്യൂ ഭൂമിയിലാണ്. 100 അടി ആഴത്തിൽ വെള്ളമുണ്ട്. 500 മീറ്റർ മാറി ഒഴുകുന്ന കൽച്ചിറ തോട്ടിലേക്ക് വെള്ളം വിടുന്നത് വഴി ഇത്തിക്കര ആറുമായി ബന്ധിപ്പിക്കാൻ സാധിക്കും.

## 7. പച്ചത്തുരുത്തുകൾ

❖ 2019 ജൂൺ മുതൽ 2025 ജൂലൈ മാസം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1272.87 ഏക്കർ ആകെ വിസ്തൃതിയിൽ 4029 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

❖ 2025 ജൂലൈ മാസത്തിൽ മാത്രം സംസ്ഥാനത്തു 20.21 ഏക്കർ ആകെ വിസ്തൃതിയിൽ 43 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് | | | |
|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ജൂൺ വരെ | ജൂലൈ | ആകെ |
| എണ്ണം | 3661 | 43 | 4029 |
| വിസ്തൃതി (ഏക്കർ) | 1174.07 | 20.21 | 1272.87 |

❖ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (326.67 ഏക്കർ ആകെ വിസ്തൃതിയിൽ 260 പച്ചത്തുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (262.70 ഏക്കർ ആകെ വിസ്തൃതിയിൽ 854 പച്ചതുരുത്തുകൾ).

| ജില്ല | 2019 ജൂൺ മുതൽ 2025 ജൂൺ വരെ | | 2025 ജൂലൈ മാസത്തിൽ മാത്രം | | 2019 ജൂൺ മുതൽ 2025 ജൂലൈ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 546 | 67.43 | 4 | 0.11 | 550 | 67.54 |
| കൊല്ലം | 304 | 77.61 | 4 | 0.27 | 308 | 77.88 |
| പത്തനംതിട്ട | 203 | 35.38 | 3 | 0.08 | 206 | 35.46 |
| ആലപ്പുഴ | 130 | 28.50 | 4 | 0.48 | 134 | 28.98 |
| കോട്ടയം | 292 | 35.25 | 3 | 1.04 | 295 | 36.29 |
| ഇടുക്കി | 108 | 43.04 | 0 | 0.00 | 108 | 43.04 |
| എറണാകുളം | 171 | 23.09 | 4 | 1.70 | 175 | 24.79 |
| തൃശ്ശൂർ | 245 | 51.36 | 0 | 0.00 | 245 | 51.36 |
| പാലക്കാട് | 380 | 135.12 | 10 | 1.73 | 390 | 136.85 |
| മലപ്പുറം | 153 | 76.46 | 2 | 0.53 | 155 | 76.99 |
| കോഴിക്കോട് | 271 | 78.59 | 1 | 0.05 | 272 | 78.64 |
| വയനാട് | 78 | 25.71 | 0 | 0.00 | 78 | 25.71 |
| കണ്ണൂർ | 255 | 324.97 | 5 | 1.70 | 260 | 326.67 |
| കാസർഗോഡ് | 851 | 250.18 | 3 | 12.52 | 854 | 262.70 |
| ആകെ | 3987 | 1252.68 | 43 | 20.21 | 4030 | 1272.89 |

❖ ജൂലൈ മാസത്തിൽ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (12.52 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് പാലക്കാട് ജില്ലയിലാണ് (1.73 ഏക്കർ ആകെ വിസ്തൃതിയിൽ 10 പച്ചതുരുത്തുകൾ).

❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ

പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജൂലൈ മാസത്തിൽ 158 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 30 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 1499 തൈകൾ ആവശ്യമായി വന്നു.

- ❖ കൊല്ലം ജില്ലയിൽ ജൂലൈ മാസത്തിൽ പുതിയതായി 4 പച്ചത്തുരുത്തുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പച്ചത്തുരുത്തുകളുടെ സ്ഥിതി പരിശോധിച്ച് ജില്ലയിലെ മികച്ച മാതൃക പച്ചത്തുരുത്തുകൾ തിരഞ്ഞെടുക്കുന്നതിനും അംഗീകാരം നൽകുന്നതിനുമായി ജില്ലാതല കമ്മിറ്റി രൂപീകരിച്ചിരുന്നു. ആഗസ്റ്റ് മാസം ആദ്യവാരത്തോടു കൂടി മികച്ച പച്ചത്തുരുത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള പരിശോധന ആരംഭിക്കും.
- ❖ പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റി കുരമ്പാലയിൽ സ്ഥിതി ചെയ്യുന്ന ആതിരമല പച്ചത്തുരുത്ത് സന്ദർശിച്ചു. ജില്ലയിൽ തൻ മാസം 8 സെന്റ് വിസ്തൃതിയിൽ 3 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജൂലൈ മാസം 103.5 സെന്റ് വിസ്തൃതിയിൽ 3 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം 13 പച്ചത്തുരുത്തുകളുടെ പുനഃസന്ദർശനം നടത്തി. പച്ചത്തുരുത്ത് പ്രവർത്തനങ്ങളുടെ ഭാഗമായി 12 യോഗങ്ങൾ ചേർന്നു. പങ്കാളിത്തം - 107
- ❖ എറണാകുളം ജില്ലയിൽ കാക്കനാട് ജില്ലാ ജയിലിൽ പച്ചത്തുരുത്ത് ഉദ്ഘാടനം എംഎൽഎ ഉമ തോമസ് നിർവ്വഹിച്ചു. ജയിലിലെ 40 സെന്റ് സ്ഥലത്ത് ഗെയിൽ ഇന്ത്യ ലിമിറ്റഡ്, ജില്ലാ ജയിൽ, തൃക്കാക്കര നഗരസഭ എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ സ്പോൺസർഷിപ്പിൽ നൂറോളം ഫലവൃക്ഷ തൈകൾ ലഭ്യമാക്കി.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി നഗരസഭ ഇളംകുളം കുടുംബി കോളനി സമീപത്തുള്ള 10 സെന്റ് സ്ഥലത്ത് പച്ചത്തുരുത്ത് സ്ഥാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ ടി എം ജേക്കബ് മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പച്ചത്തുരുത്ത് ഉദ്ഘാടനം എംഎൽഎ അനൂപ് ജേക്കബ് നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ റിപ്പോർട്ട് മാസം 19 പച്ചത്തുരുത്തുകൾ റീവിസിറ്റ് ചെയ്തു. പുനസന്ദർശനം നടത്തിയ 19 പച്ചത്തുരുത്തുകളിലെ 517 സെന്റിൽ ഏകദേശം 1849 വൃക്ഷതൈകൾ നിലവിലുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ GLPS ചോറ്റൂർ സ്കൂൾ, പോത്തുകല്ല് PHC പച്ചത്തുരുത്ത് എന്നീ സ്ഥലങ്ങളിലായി 53 സെന്റ് ആകെ വിസ്തൃതിയിൽ 2 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ മാതൃകാ പച്ചതുരുത്തുകളെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ആർ പി മാർ പച്ചത്തുരുത്തുകൾ സന്ദർശിക്കുകയും നിലവിലെ അവസ്ഥകൾ വിലയിരുത്തുകയും ചെയ്തു. 28 പച്ചത്തുരുത്തുകളെ പുരസ്കാരത്തിന് തിരഞ്ഞെടുക്കുന്നതിന് വേണ്ടി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമിച്ച 10 പച്ചത്തുരുത്തുകളും, സ്കൂളുകളിൽ നിർമിച്ച 6 പച്ചത്തുരുത്തുകളും, മറ്റ് സ്ഥാപനങ്ങളിൽ നിർമിച്ച 3 പച്ചത്തുരുത്തുകളും, 2 ദേവഹരിതം പച്ചത്തുരുത്തുകളും, 7 മുളന്തുരുത്തുകളും ആണ് ഉള്ളത്.
- ❖ കണ്ണൂർ ജില്ലയിൽ പുതുതായി പച്ചത്തുരുത്തുകൾ നിർമ്മിക്കുന്നതിനായി ജില്ലയിൽ 1.7 ഏക്കർ ആകെ വിസ്തൃതിയിൽ 5 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ ജൂലൈ മാസം 33 പച്ചത്തുരുത്തുകളാണ് സന്ദർശിച്ചത്. മികച്ച പച്ചത്തുരുത്തുകൾ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി 5 അംഗ അവാർഡ് നിർണയകമ്മിറ്റി അംഗങ്ങൾ നേരിട്ടും കൂടാതെ ആർ പി മാർ ഫീൽഡ് സന്ദർശനത്തിന്റെ ഭാഗമായും പച്ചത്തുരുത്തുകൾ സന്ദർശനം നടത്തിയിട്ടുണ്ട്.

**പച്ചത്തുരുത്ത് 2025 ജൂലൈ**

| നടന്ന യോഗം / ശിൽപശാല (എണ്ണം) | യോഗങ്ങളിലെ / ശിൽപശാലകൾപങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 255 | 658 | 504 | 513 | 1675 | 0 | 0 | 17 | 3069 |

## 8. ഒരു തൈ നടാം ക്യാമ്പയിൻ

2050 ൽ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥയിലെത്താൻ ലക്ഷ്യമിട്ട് 2025 ലെ പരിസ്ഥിതി ദിനത്തിൽ അതിവിപുലവും സമഗ്രവുമായ ഒരു വൃക്ഷവത്ക്കരണ പരിപാടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ജൂൺ 5 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിനായി സർവ്വതല സ്പർശിയായ ഒരു ജനകീയ ക്യാമ്പയിൻ ആണ് ആരംഭിച്ചിട്ടുള്ളത്. സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന പ്രവർത്തകർ, സർക്കാർ ജീവനക്കാർ, റഡിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ എന്നിവയെല്ലാം ചേരുന്ന ഒരു ക്യാമ്പയിനിലൂടെ നിശ്ചിത സമയത്ത് ലക്ഷ്യം നേടാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഈ ക്യാമ്പയിനിൽ പങ്കാളികളാകാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും കൂട്ടായ്മകളുടെയും പ്രാദേശിക യോഗം സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), എൻ.ജി.ഒകൾ, സ്വകാര്യ നഴ്സറി പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവർ പങ്കെടുത്തു. വാർഡ്തലത്തിലും പ്രാദേശിക യോഗങ്ങൾ ചേരുകയും ക്യാമ്പയിന്റെ നടത്തിപ്പിന് ആവശ്യമായ തൈകൾ പ്രാദേശികമായി ശേഖരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പയിനായി വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന തൈകൾക്ക് പുറമേ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ചുരുങ്ങിയത് 5,000 തൈകളും നഗരസഭകളിൽ നിന്നും ചുരുങ്ങിയത് 10,000 തൈകളും ജനകീയമായി ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നു. സ്കൂളുകളിൽ നടപ്പിലാക്കുന്ന കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന വൃക്ഷത്തൈകളുടെ കൈമാറ്റം 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ സംഘടിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

നടുന്ന തൈകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ആർ.പി, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), പരിസ്ഥിതി പ്രവർത്തകർ, കൃഷി ഓഫീസർ, കർഷകർ എന്നിവരുടെ നേതൃത്വത്തിൽ പരിപാലന സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

### ഒരു തൈ നടാം -സംസ്ഥാനതല ഉദ്ഘാടനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കുളമാവ് തൈ നട്ട് ഉദ്ഘാടനം ചെയ്തു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് വൈകുന്നേരം നടന്ന പരിപാടിയിൽ വി.കെ. പ്രശാന്ത് MLA, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ..ടി.എൻ. സീമ, വിവിധ ഉദ്യോഗസ്ഥർ പങ്കെടുത്തു.

അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ക്യാമ്പയിൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ക്ലിഫ് ഹൗസിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നട്ട വൃക്ഷത്തൈകളായ കുളമാവ്, ആറ്റുപുന്ന, ഉണ്ടപൈൻ, കമ്പകം, പൊന്നുഞാവൽ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

ക്യാമ്പയിന്റെ ഭാഗമായി നട്ട തൈകളുടെ സ്ഥാനം, വളർച്ച എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ

ജിയോടാഗ് ചെയ്യുന്ന സംവിധാനം കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ നടപ്പാക്കുന്നുണ്ട്. ജിയോ ടാഗിംഗ് വഴി നട്ട ചെടികളുടെ ഇനം, എവിടെയാണ് നട്ടത്, ആരാണ് നട്ടത്, എന്നാണ് നട്ടത് എന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നു. ഒരു ചെടി ജിയോ ടാഗ് ചെയ്ത 6 മാസം കൂടുമ്പോൾ ചെടിയുടെ അന്നത്തെ അവസ്ഥയുടെ ചിത്രം അപ്ഡേറ്റ് ചെയ്ത് ചെടിയുടെ അവസ്ഥ വിലയിരുത്തുന്നു. തൈ നടുന്ന ആളുകൾക്ക് ഓൺലൈനിൽ സർട്ടിഫിക്കറ്റ് നൽകുന്നു. സർട്ടിഫിക്കറ്റിലെ ക്യൂ.ആർ കോഡിൽ നിന്നും എല്ലാ വിവരങ്ങളും ലഭിക്കുന്നു. ഒരു തൈ നടാം ക്യാമ്പയിന്റെ ആദ്യഘട്ടം എന്ന നിലയിൽ 10% തൈകൾ ജിയോടാഗ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### ഒരു തൈ നടാം - സംസ്ഥാനത്ത്

സംസ്ഥാനത്ത് ആകെ 60 ലക്ഷം തൈകൾ ഹരിത കേരളം മിഷൻ ജനകീയമായി ശേഖരിക്കണമെന്നും 40 ലക്ഷം തൈകൾ സോഷ്യൽ ഫോറെസ്റ്ററി, MGNREGS എന്നീ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

തൈകളുടെ ജനകീയ ശേഖരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നേതൃത്വത്തിൽ ജൂലൈ മാസത്തിൽ 1831 പ്രാദേശിക യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 4,433 ജനപ്രതിനിധികളും 7,016 ഉദ്യോഗസ്ഥരും, 8,507 സന്നദ്ധ സേവകരും ഉൾപ്പെടെ ആകെ 19,956 പേരുടെ പങ്കാളിത്തം യോഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. തൈ കൈമാറ്റവും തൈ നടൽ പ്രവർത്തനങ്ങളിലും കൂടി 1,67,687 ജനപങ്കാളിത്തം (വിദ്യാർത്ഥികൾ ഉൾപ്പെടെ) ഹരിത കേരളം മിഷൻ ഈ കാമ്പയിനിൽ ഉറപ്പാക്കിയിട്ടുണ്ട്.

| ഒരു തൈ നടാം ക്യാമ്പയിൻ 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം / ശിൽപശാല (എണ്ണം) | യോഗങ്ങളിലെ / ശിൽപശാലകൾപങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 1831 | 4433 | 7016 | 8507 | 19956 | 0 | 0 | 40 | 167687 |

നിലവിൽ 46,06,387 തൈകൾ ജനകീയമായി ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പം 8,66,631 തൈകൾ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ ശേഖരിച്ച 54,73,018 തൈകളിൽ 46,67,432 തൈകൾ വിവിധ ഇടങ്ങളിൽ നട്ടിട്ടുണ്ട്. ആയതിൽ സ്വകാര്യ ഭൂമിയിൽ 40,10,650 തൈകൾ നട്ടിട്ടുണ്ട്. കൂടാതെ, പൊതു ഇടങ്ങളിലായി 6,56,782 തൈകളും നട്ടിട്ടുണ്ട്.

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 46,06,387 | 8,66,631 | 54,73,018 | 40,10,650 | 6,56,782 | 46,67,432 |

### ജില്ലാതലം

### തിരുവനന്തപുരം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 1,98,094 | 67,318 | 2,65,412 | 2,32,891 | 8,928 | 2,41,819 |

- ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 2,41,819 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- നെയ്യാറ്റിൻകര നിംസ് മെഡിസിറ്റിയിൽ തൈ കൈമാറ്റം ഉദ്ഘാടനം നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. തുടർന്ന് ജനകീയമായി ശേഖരിച്ച് തൈകൾ കുട്ടികൾ പരസ്പരം കൈമാറി. പ്രവർത്തനങ്ങളുടെ ഭാഗമായി 3675 തൈകൾ കുട്ടികൾ പരസ്പരം കൈമാറി.

## കൊല്ലം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 1,69,690 | 2,00,975 | 3,70,665 | 1,60,605 | 1,16,213 | 2,76,818 |

- ❖ ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 2,76,818 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു.
- ❖ ആഗസ്റ്റ് മാസം 3-ന് ലോക സൗഹൃദ ദിനത്തിൽ ഒരു ലക്ഷം തൈകൾ കുട്ടികൾ മുഖേന കൈമാറുന്നതിനായി തീരുമാനിച്ചു. ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ റിസോഴ്സ് പേഴ്സൺമാർ മുഖേന എല്ലാ വിദ്യാലയങ്ങളിലും കലാലയങ്ങളിലും നടന്നു വരുന്നു.

## പത്തനംതിട്ട

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 92,674 | 91,405 | 1,84,079 | 82,428 | 45,789 | 1,28,217 |

- ❖ ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 1,28,217 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു.
- ❖ ആഗസ്റ്റ് മാസം 3-ന് ലോക സൗഹൃദ ദിനത്തിൽ ചങ്ങാതിക്ക് ഒരു തൈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ സ്കൂളുകളിലും, കോളേജുകളിലും, കുടുംബശ്രീ, അയൽക്കൂട്ടം എന്നിവിടങ്ങളിൽ തൈകൾ കൈമാറുന്നതിനായി തീരുമാനിച്ചു. ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ജില്ലയിൽ കാര്യക്ഷമമായി നടന്നുവരുന്നു.

## ആലപ്പുഴ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 91,378 | 1,21,215 | 2,12,593 | 1,50,970 | 36,807 | 1,87,777 |

- ❖ ജില്ലയിൽ നിലവിൽ ജനകീയമായി 91,378 തൈകൾ ശേഖരിച്ചു. 306 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ വഴി 8,600 തൈകൾ കൈമാറ്റം ഇതിനോടകം നടന്നു. ക്യാമ്പയിന്റെ ഭാഗമായി ജൂലൈ മാസം വരെ 1,87,777 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## കോട്ടയം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 2,44,391 | 20,596 | 2,64,987 | 2,48,150 | 10,362 | 2,58,512 |

- ❖ ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 2,58,512 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു. ചങ്ങാതിക്കൊരു തൈയുടെ ഭാഗമായി സ്കൂളുകളിൽ തൈ കൈമാറ്റം നടത്താൻ വേണ്ട പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജിതമായി നടന്നുവരുന്നു.

## ഇടുക്കി

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 3,25,300 | 17,360 | 3,42,660 | 3,18,946 | 6,394 | 3,25,340 |

- ❖ ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 3,25,340 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു. അടിമാലി ഗ്രാമപഞ്ചായത്തിലെ നീലക്കുറിഞ്ഞി ജൈവൈവിധ്യ പഠനകേന്ദ്രത്തിലെ ജീവനക്കാർ 500 തൈകൾ വിതരണം ചെയ്തു.

- ഇടുക്കി ജില്ലയിൽ ചങ്ങാതിക്ക് ഒരു തൈ ക്യാമ്പയിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ആഗസ്റ്റ് 4 മുതൽ 8 വരെയുള്ള തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ജില്ലയിലെ 288 സ്കൂളുകളിൽ തൈകളുടെ കൈമാറ്റം നടക്കും. ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 34,784 തൈകൾ കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### എറണാകുളം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 4,62,757 | 13,700 | 4,76,457 | 3,97,433 | 19,464 | 4,16,897 |

- തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ഒരു തൈ നടാം ക്യാമ്പയിന്റെ ഉദ്ഘാടനം എറണാകുളം അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ നിർവഹിച്ചു. 1000-ൽ അധികം തൈകളാണ് വിദ്യാർത്ഥികൾ വഴി ശേഖരിച്ചത്.
- ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 4,16,897 തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചു. ചങ്ങാതിക്കൊരു തൈയുടെ ഭാഗമായി സ്കൂളുകളിൽ തൈ കൈമാറ്റം നടത്താൻ വേണ്ട പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജിതമായി നടന്നുവരുന്നു.
- പെരുമ്പാവൂർ നഗരസഭ പൂപ്പാനി ഒമ്പതാം വാർഡിൽ ഒരു തൈ നടാം വൃക്ഷവത്കരണ ക്യാമ്പയിന്റെ പദ്ധതിയായ 'ഭൂമി ഹരിതാഭം മണ്ണും മനവും' എന്ന പദ്ധതിയുടെ ഉദ്ഘാടനം പെരുമ്പാവൂർ നഗരസഭ ചെയർമാൻ നിർവഹിച്ചു.
- തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ തൃക്കാക്കര മുൻസിപ്പൽ കോർപ്പറേറ്റീവ് ഹോസ്പിറ്റൽ ഹരിത കേരളം മിഷൻ എന്നിവരുടെ സഹകരണത്തോടുകൂടി 500 തൈകളുടെ കൈമാറ്റം നടത്തി.
- പല്ലാരിമംഗലം മുസ്ലിംലീഗ് പരിസ്ഥിതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ കൂവള്ളൂർ എൽ.പി സ്കൂളിൽ ഓർമ്മമരം പരിപാടി നടന്നു.
- വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ പിടവൂർ മദ്രസയിലെ 30 വിദ്യാർത്ഥികൾ വീടുകളിൽ നിന്ന് സമാഹരിച്ച വൃക്ഷ തൈകൾ പരസ്പരം കൈമാറി. വൃക്ഷതൈകൾ വീടുകളിൽ നടുകയും ചെയ്തു. ചെറായി സഹോദരൻ മെമ്മോറിയൽ എൽപി സ്കൂളിൽ 350 ൽ പരം വൃക്ഷ തൈകൾ കുട്ടികൾ പരസ്പരം കൈ മാറി.
- വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെയും എറണാകുളം ജില്ല ഹരിത കേരള മിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളും, കോളേജുകളും കേന്ദ്രീകരിച്ച് 'ചങ്ങാതിക്ക് ഒരു തൈ' വൃക്ഷവത്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. പദ്ധതിയുടെ ഉദ്ഘാടനം കൊമ്പനാട് ഗവ:യു.പി സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

### തൃശൂർ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 6,05,107 | 830 | 6,05,937 | 3,74,854 | 2,29,753 | 6,04,607 |

- തൃശൂർ ജില്ലയിൽ ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 6,04,607 വൃക്ഷത്തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- സൗഹൃദം മഹാ വൃക്ഷമായി വളരട്ടെ എന്ന ആശയവുമായി 'ചങ്ങാതിക്കൊരു തൈ' ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് 4 ന് കോലഴി ഗ്രാമപഞ്ചായത്തിലെ തിരൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ IAS നിർവഹിക്കുവാൻ തീരുമാനിച്ചു.
- പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഒരു തൈ നടാം വൃക്ഷവത്കരണ ക്യാമ്പയിന്റെ ഉദ്ഘാടനം ഗുരുവായൂർ നിയോജക മണ്ഡലം MLA എം.എൻ.കെ അക്ബർ നിർവ്വഹിച്ചു. ജനകീയ വൃക്ഷവത്കരണ ക്യാമ്പയിന്റെ ഭാഗമായി ഹരിത കർമ്മ സേനാംഗങ്ങൾക്ക് സപ്പോട്ട, ജാതി, പ്ലാവ്, മാവ്, റമ്പൂട്ടാൻ, പേര എന്നീ തൈകളുടെ വിതരണം നടത്തി.
- കുന്നംകുളം നഗരസഭ കൃഷിഭവൻ ബഥനി കോൺവെന്റ് ഗേൾസ് ഹൈസ്കൂളിലെ എല്ലാ

വിദ്യാർഥികൾക്കും കശുമാവിൻ തൈ വിതരണം ചെയ്തു. 1250 കശുമാവിൻ തൈകൾ വിതരണം ചെയ്തു.

## പാലക്കാട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 4,68,825 | 27,980 | 4,96,805 | 3,99,758 | 67,193 | 4,66,951 |

- ജില്ലയിൽ 2025 ജൂലൈ 29 നു പാലക്കാട് അഗളി ജി.വി.എച്ച്.എസ് സ്കൂളിൽ വെച്ച് ചങ്ങാതിക്ക് ഒരു തൈ പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവഹിച്ചു.
- ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 4,66,951 വൃക്ഷത്തൈകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- ബ്ലോക്ക് നഗരസഭാ ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി യോഗവും, കുടുംബശ്രീ, മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുടെ പ്രത്യേക യോഗം തൻ മാസം ചേർന്നു.
- വിവിധ സ്കൂളുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ക്ലബുകൾ, അങ്കണവാടികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി വിവിധ ഇടങ്ങളിലായി തൈ കൈമാറ്റം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

## മലപ്പുറം

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 4,52,581 | 17,621 | 4,70,202 | 3,73,409 | 19,270 | 3,92,679 |

- വിവിധ അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങി ഇടങ്ങളിലായി ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 1,25,120 തൈകൾ കൈമാറുന്നതിനായി ശേഖരിച്ചു. മുഴുവൻ സ്കൂളികളിലും കോളേജുകളിലും ക്യാമ്പയിൻ നടപ്പിലാക്കുന്നതാണ്.
- ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ 3,92,679 വൃക്ഷത്തൈകൾ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## കോഴിക്കോട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 4,14,336 | 71,960 | 4,86,296 | 4,42,889 | 14,795 | 4,57,684 |

- ജില്ലയിൽ ആഗസ്റ്റ് മാസത്തിൽ നടത്താൻ തീരുമാനിച്ച ചങ്ങാതിക്കൊരു തൈ ക്യാമ്പയിന്റെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ റിപ്പോർട്ട് മാസം പി.ഇ.സി യോഗങ്ങളും ഭരണ സമിതി യോഗങ്ങളിൽ വിശദീകരണവും നടത്തി.
- താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിത മദ്രസകളായി പ്രഖ്യാപിക്കപ്പെട്ട സ്ഥാപനങ്ങളിൽ ചങ്ങാതിക്കൊരു തൈ ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചു.
- തൂണേരി ബ്ലോക്കിൽ ബിആർസി യുടെ നേതൃത്വത്തിൽ നടത്തുന്ന 'അമ്മക്കൊരു തൈ' പരിപാടിയോടൊപ്പം ചേർത്ത് ചങ്ങാതിക്കൊരു തൈ നടത്താൻ തീരുമാനിച്ചു.
- കോഴിക്കോട് LSGD ജോയിന്റ് ഡയറക്ടറുടെ നിർദേശ പ്രകാരം സിവിൽ സ്റ്റേഷനിൽ മരങ്ങൾ വച്ച് പിടിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി. ആഗസ്റ്റ് മാസത്തിൽ സിവിൽ സ്റ്റേഷൻ ശുചീകരണവുമായി ബന്ധപ്പെട്ട് വലിയ ക്യാമ്പയിൻ ആരംഭിക്കുന്നുണ്ട്. വീണ്ടെടുക്കപ്പെട്ട സ്ഥലത്ത് ജില്ലാ കളക്ടറുടെ നേതൃത്തിൽ ബാങ്കുകളുടെ സ്പോൺസർഷിപ്പ് വഴി വൃക്ഷവൽക്കരണം നടത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

## വയനാട്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 1,24,195 | 54,430 | 1,78,625 | 1,31,020 | 17,150 | 1,48,170 |

- ഒരു തൈ നടാം ജനകീയ വൃക്ഷവത്കരണ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ജില്ലയിൽ ആകെ 1,48,170 തൈകൾ നട്ടിട്ടുണ്ട്.
- ആഗസ്റ്റ് 3 നു ജില്ലയിലെ വിവിധ ഇടങ്ങളിലായി ചങ്ങാതിക്കൊരു തൈ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പൂതാടി ഗ്രാമപഞ്ചായത്തിൽ ക്യാമ്പയിൻ നടത്താൻ സാധിക്കാത്ത സ്കൂളുകളിൽ തൈകൾ നടുന്നതിനുള്ള വിശദമായ പ്ലാൻ തയ്യാറാക്കി.
- വൃക്ഷവത്കരണ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലിലൂടെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലേക്ക് 1000 കശുമാവിൻ തൈകൾ കശുമാവ് വികസന സമിതിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 500 തൈകളുടെ വിതരണം സംബന്ധിച്ച് യോഗം ചേർന്നു. ബാക്കിയുള്ള തൈകൾ കുടുംബശ്രീ യൂണിറ്റുകൾക്കു നൽകാൻ തീരുമാനിച്ചു.

## കണ്ണൂർ

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 6,84,073 | 1,24,880 | 8,08,953 | 4,51,388 | 29,981 | 4,81,369 |

- ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ജൂലൈ മാസത്തിൽ ജില്ലയിൽ 4,81,369 വൃക്ഷത്തൈകൾ വിവിധ ഭാഗങ്ങളിലായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.
- ആഗസ്റ്റ് 3-ന് ലോക സൗഹൃദ ദിനത്തിൽ ചങ്ങാതിക്ക് ഒരു തൈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ സ്കൂളുകളിലും, കോളേജുകളിലും കുടുംബശ്രീ, അയൽക്കൂട്ടം എന്നിവിടങ്ങളിലായി തൈകൾ കൈമാറുന്നതിനായി തീരുമാനിച്ചു. ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ജില്ലയിൽ കാര്യക്ഷമമായി നടന്നുവരുന്നു.

## കാസർഗോഡ്

| ജനകീയ ശേഖരണം | സർക്കാർ ഏജൻസി നൽകിയത് | ആകെ ശേഖരിച്ച തൈകൾ | സ്വകാര്യഭൂമിയിൽ നട്ട തൈകൾ | പൊതുഭൂമിയിൽ നട്ട തൈകൾ | ആകെ നട്ട തൈകൾ |
|---|---|---|---|---|---|
| 2,72,986 | 36,361 | 3,09,347 | 2,45,909 | 34,683 | 2,80,592 |

- ഒരു തൈ നടാം കാമ്പയിന്റെ ഭാഗമായി ജില്ലാ – ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് – നഗരസഭ തലത്തിൽ കുടുംബശ്രീ, തൊഴിലുറപ്പ്, പിഇസി, സോഷ്യൽ ഫോറസ്ട്രി, MGNREGS എന്നിവരുമായുള്ള യോഗം തൻ മാസം നടന്നു.
- അജാനൂർ ഗ്രാമപഞ്ചായത്തിലെ മാവുങ്കാൽ ആനന്ദാശ്രമത്തിന് സമീപത്തുള്ള 3 ഏക്കർ സ്ഥലത്ത് ആന്ദവനം നിർമ്മിച്ചു. വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ പദ്ധതി ഉദ്ഘാടനം ചെയ്തു. 1000 തൈകൾ നിലവിൽ നട്ടു പിടിപ്പിച്ചിട്ടുണ്ട്.
- ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ഗവ: ഐ ടി ഐ ചെറുവത്തൂരിൽ വൃക്ഷവത്കരണ കാമ്പയിൻ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാമ്പയിന്റെ ഉദ്ഘാടനം നടത്തി.
- ചങ്ങാതിക്കൊരു തൈ ക്യാമ്പയിന്റെ ഭാഗമായി ചീമേനി ഗ്രാമപഞ്ചായത്ത്തല ഉദ്ഘാടനം ജൂലൈ 31-ന് GUPS, നാലിലാങ്കണ്ടത്ത് വെച്ച് നടന്നു. പരിപാടിയുടെ ഭാഗമായി വിദ്യാലയത്തിലെ വിദ്യാർത്ഥികൾ വീടുകളിൽ നിന്ന് കൊണ്ടുവന്ന 100 ൽ അധികം വൃക്ഷ തൈകൾ പരസ്പരം കൈമാറി. സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ വൃക്ഷ തൈകൾ നട്ടു.
- ആഗസ്റ്റ് 2 മുതൽ 10 വരെയുള്ള തീയതികളിൽ ചങ്ങാതിക്ക് ഒരു തൈ ക്യാമ്പയിന് വേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ ആർ പി മാർ നേരിട്ട് സന്ദർശനം നടത്തി അധികൃതരെ കണ്ട് കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

❖ ചങ്ങാതിക്ക് ഒരു തൈ ക്യാമ്പയിൻ ജില്ല - ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് – നഗരസഭതല ഉദ്ഘാടനങ്ങൾ തീരുമാനിച്ചു. ജില്ലാതലം ഉദ്ഘാടനം ബേക്കൽ ഫിഷറീസ് ഹൈസ്കൂളിൽ വെച്ച് നടത്തും.

## 9. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 13 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുക ളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 13 | 3040 | 2422 | 1475 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം മേയ് മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 1475 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തൃശ്ശൂർ (493), തിരുവനന്തപുരം (310), കാസർഗോഡ് (163), കണ്ണൂർ (125), കൊല്ലം (107), വയനാട് (90), പത്തനംതിട്ട (77) എന്നീ ജില്ലകളാണ്.

❖ തിരുവനന്തപുരം ജില്ലയിൽ കാരോട് ഗ്രാമപഞ്ചായത്തിലെ അമ്പനവിള വാർഡിൽ തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ വാർഡ് മെമ്പർ ഉദ്ഘാടനം ചെയ്തു. 38 തൊഴിലുറപ്പ് തൊഴിലാളികൾ പങ്കെടുത്തു 18 തെങ്ങിന് തടം പൂർത്തീകരിച്ചു.

❖ കൊല്ലം ജില്ലയിൽ തഴവ ഗ്രാമപഞ്ചായത്തിൽ തെങ്ങിനു തടം മണ്ണിന് ജലം ക്യാമ്പയിന്റെ ഭാഗമായി 4000 - 4800 തടങ്ങൾ വാർഡുകളിൽ ചെയ്തു കഴിഞ്ഞിട്ടുണ്ട്. തൊടിയൂർ ഗ്രാമപഞ്ചായത്തിൽ ക്യാമ്പയിന്റെ ഭാഗമായി ഒരു വാർഡിൽ 2500 - 3000 തെങ്ങിന് തടം ചെയ്തു വരുന്നു. ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലും ക്യാമ്പയിന്റെ ഭാഗമായി 160 തെങ്ങിന് തടം ജൂലൈ മാസം നടന്നു.

❖ കൊല്ലം ജില്ലയിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷി ഭവന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ പച്ചക്കറി തൈ വിതരണം നടന്നുവരുന്നു.

❖ കൊല്ലം ജില്ലയിൽ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ കൃഷി ചെയ്യുന്നതിന് വേണ്ടി തരിശായി കിടന്ന ഒരു ഏക്കർ സ്ഥലം ഏറ്റെടുക്കുകയും നിലം ഒരുക്കുകയും ചെയ്തു. കൃഷിഭവന്റെ നേഴ്സറിയിൽ ഉത്പാദിപ്പിച്ച പച്ചക്കറി തൈകളും ചെണ്ടുമല്ലിയും കൃഷി ചെയ്യുന്നത്.

❖ കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ 5 ഏക്കർ, ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 2 ഏക്കർ, വിളക്കുടി ഗ്രാമപഞ്ചായത്തിലെ വാർഡ് 2-ൽ 1 ഏക്കർ, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ 10 സെന്റും, തൊടിയൂർ ഗ്രാമപഞ്ചായത്തിലെ 90 സെന്റിലും തരിശായി കിടന്ന സ്ഥലം പൂകൃഷിയും, പച്ചക്കറി കൃഷിയും ആരംഭിച്ചു.

❖ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 70 സെന്റ് കരനെൽകൃഷി, 20 സെന്റിൽ ബന്ദിപ്പൂ കൃഷി എന്നിവ ആരംഭിച്ചു. മുൻസിപ്പാലിറ്റിയുടെ ഓഫീസ് പരിസരത്ത് തൊഴിലുറപ്പ്

പദ്ധതിയുടെ നേതൃത്വത്തിൽ 10 സെന്റ് സ്ഥലത്തായി മരച്ചീനി കൃഷി, ബന്ദിപ്പൂ കൃഷി, വഴുതന കൃഷി എന്നിവയും ആരംഭിച്ചിട്ടുണ്ട്

- ❖ കൊല്ലം ജില്ലയിൽ തഴവ ഗ്രാമപഞ്ചായത്തിൽ തരിശായി കിടന്നിരുന്ന 14 ഹെക്ടറോളം ഭൂമിയിൽ കൃഷി ആരംഭിച്ചു. നെല്ല് കൃഷിയാണ് പ്രധാനമായും ചെയ്തു വരുന്നത്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടിൽ 10 ഹെക്ടറോളം തരിശുഭൂമിയിൽ നെൽകൃഷി ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിലെ ചുരുളി ഭാഗത്ത് വെള്ളക്കെട്ട് കാരണത്താൽ കൃഷി ഒന്നും തന്നെ ചെയ്യാൻ സാധിക്കാത്തതിനാൽ ഈ ഏരിയയിൽ ഷട്ടർ നിർമ്മിക്കുന്നതിനുവേണ്ടി പാടശേഖരസമിതി ഇറിഗഷൻ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ബ്ലോക്കിലെ കോന്നി, അരുവാപ്പുലം, പ്രമാടം, വള്ളിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഹരിത സമൃദ്ധി ഗ്രാമമായി പ്രഖ്യാപനം ആഗസ്റ്റ് 17-ന് നടത്താൻ തീരുമാനിച്ചു. തുടർന്ന് പറക്കോട് ബ്ലോക്കിലെ ഏനാദിമംഗലം, ഏഴംകുളം, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളും പ്രഖ്യാപനം ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചു.
- ❖ എറണാകുളം ജില്ലയിലെ കാക്കനാട് ജില്ല ജയിലിൽ ഒരേക്കർ ഭൂമിയിൽ കൃഷി ആരംഭിച്ചു. ജമന്തി പൂകൃഷി, പച്ചക്കറി എന്നിവയാണ് കൃഷി ചെയ്യുന്നത്. 2500 തൈകളാണ് ഇതിനായി നൽകിയത്. തൃക്കാക്കര സഹകരണ ആശുപത്രിയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
- ❖ എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ തരിശു രഹിത ഗ്രാമം പദ്ധതി പ്രകാരം ചെറായി ചക്കന്തറ തൊടിയിൽ പച്ചക്കറി തൈകൾ നട്ടുകൊണ്ട് വൈപ്പിൻ MLA ഉദ്ഘാടനം നിർവ്വഹിച്ചു. പള്ളിപ്പുറം 18-ാം വാർഡ് തരിശു രഹിതമാക്കുന്നതിന്റെ ഭാഗമായി ജ്ഞാനോദയ അങ്കണവാടി അങ്കണത്തിൻ വിവിധയിനം പച്ചക്കറി തൈയ്കൾ നടീൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിതത്തിൽ നടത്തി. തൃക്കാക്കര ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനത്തിന്റെ ഭാഗമായി 24 ഡിവിഷനിൽ ചിറയുടെ ചുറ്റുമായി ഏകദേശം 2000 ബാഗുകളിലായി ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു.
- ❖ തൃശൂർ ജില്ലയിൽ ജൂലൈ മാസം പൊയ്യ, എരുമപ്പെട്ടി, അവണിശ്ശേരി, വല്ലച്ചിറ, ചേർപ്പ്, പാറളം, കൈപ്പറമ്പ്, പറപ്പൂക്കര എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 48 വാർഡുകളിൽപെട്ട എല്ലാ വീടുകളിലും തൈകൾ, വിത്തുകൾ എന്നിവ വിതരണം നടത്തി.
- ❖ തൃശൂർ ജില്ലയിൽ തരിശു രഹിത ഗ്രാമത്തിന്റെ ഭാഗമായി മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ തരിശ് ആയി കിടന്നിരുന്ന സ്വകാര്യ വ്യക്തിയുടെ ഒരേക്കർ സ്ഥലത്ത് MGNREGS-ന്റെ സഹായത്തോടെ നിലം ഒരുക്കി, കൃഷി ഭവന്റെ സഹകരണത്തോടുകൂടി കുറുന്തോട്ടി തൈകൾ വെച്ച് പിടിപ്പിച്ചു.
- ❖ പാലക്കാട് ജില്ലയിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 4 വാർഡുകൾ ജൂലൈ മാസത്തിൽ ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. നിലവിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡും (22 വാർഡ്) ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളുള്ള ഗ്രാമപഞ്ചായത്തായി കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിനെ ആഗസ്റ്റ് 14-ന് ആലത്തൂർ MLA കെ. ഡി. പ്രസേനൻ പ്രഖ്യാപിക്കും.
- ❖ വയനാട് ജില്ലയിൽ 6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന 19 വാർഡുകളിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങൾ നടക്കുന്നു.

| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം / ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 56 | 103 | 120 | 221 | 444 | 0 | 0 | 0 | 1658 |
| തെങ്ങിന് തടം മണ്ണിന് ജലം 2025 ഏപ്രിൽ മുതൽ ജൂൺ വരെ | | | | | | | | |
| 113 | 407 | 344 | 320 | 1071 | 0 | 0 | 0 | 2509 |

- ❖ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ പ്രകാരം കൃഷി വകുപ്പിന്റെ കേരഗ്രാമം എന്ന പദ്ധതിയുമായി ചേർന്നു ഗ്രാമപഞ്ചായത്തിൽ 17,500 തെങ്ങിൻ തടങ്ങൾ തുറന്നു പുതയിടൽ പ്രവർത്തികൾ നടത്തുമെന്ന് തീരുമാനിച്ചു. ഓഗസ്റ്റ് 15 നകം

പരിപാടിയുടെ ഉദ്ഘാടനം നടത്തുന്നതിനും, 18 വർഡുകളിലായി 1000 തെങ്ങിൻ തടങ്ങൾ തുറക്കാനും തീരുമാനിച്ചു.

- കണ്ണൂർ ജില്ലയിൽ തെങ്ങിന് തടം മണ്ണിനു ജലം കാമ്പയിൻ ജില്ലയിൽ 15 ഇടങ്ങളിൽ നടന്നു.
- കാസർഗോഡ് ജില്ലയിൽ ജൂലൈ മാസം ഹരിതസമൃദ്ധി വാർഡ്, ദേവഹരിതം, വ്യവസായസ്ഥാപന കൃഷി, തരിശുരഹിതഗ്രാമം എന്നിവയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നു.

## 10. ശുചിത്വ മാലിന്യ സംസ്കരണം

- തിരുവനന്തപുരം ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള 23 സെക്ഷനുകൾക്ക് ഹരിത സർട്ടിഫിക്കറ്റുകൾ നൽകി.
- പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്കിലെ 12 സ്കൂളുകൾ ഹരിതവിദ്യാലയങ്ങളായി മാറി. ഇതോടെ ജില്ലയിലുള്ള 812 സ്കൂളുകൾ ഹരിത വിദ്യാലയങ്ങളായി മാറ്റുവാൻ സാധിച്ചു.
- ആലപ്പുഴ ജില്ലയിൽ അന്താരാഷ്ട്ര പ്ലാസ്റ്റിക് ക്യാരിബാഗ് വിരുദ്ധ ദിനത്തിന്റെ ഭാഗമായി പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്ത് പരവൂർ ഹൈസ്കൂളിൽ പ്ലാസ്റ്റിക് ക്യാരി ബാഗിന് ബദൽ ഉൽപ്പന്നമായി സ്കൂളിലെ വിദ്യാർഥികൾ പഴയ തുണികൾ കൊണ്ട് നിർമിച്ച തുണിസഞ്ചികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഏറ്റുവാങ്ങി ഉദ്ഘാടനം ചെയ്തു.
- ഇടുക്കി ജില്ലയിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പതിനാറാംകണ്ടം എച്ച്.എസ്.എസ്, സേനാപതി ഗ്രാമപഞ്ചായത്തിലെ കാന്തിപ്പാറ SSHHS സ്കൂൾ PTA, തൊടുപുഴ ബ്ലോക്ക് കരിംകുന്നം ഗ്രാമപഞ്ചായത്തിലെ സെന്റ് അഗസ്റ്റിൻ H.S.S എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ ക്ലാസ് നൽകി.
- എറണാകുളം ജില്ലയിൽ പനമ്പള്ളി നഗറിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഓഫീസിനെ ഹരിത സ്ഥാപനമായി പ്രഖ്യാപിക്കുകയും ഹരിത സർട്ടിഫിക്കറ്റ് വിതരണവും നടത്തി.
- എറണാകുളം ജില്ലയിൽ ഹരിത സ്ഥാപന പ്രഖ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈക്കോടതി സന്ദർശിക്കുകയും ഹരിത കേരളം മിഷൻ തയ്യാറാക്കിയിട്ടുള്ള മാർഗരേഖ പ്രകാരം പരിശോധന നടത്തുകയും ചെയ്തു.
- തൃശൂർ ജില്ലയിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടാക്കുന്ന ജൈവമാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു 6,18,700/- രൂപ ചിലവഴിച്ചു നിർമ്മിച്ച, ദിവസേന 110 kg ജൈവ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. ഇതോടൊപ്പം മതിലകം ഗ്രാമപഞ്ചായത്തിലെ വിപുലീകരിച്ച എംസിഎഫിന്റെ ഉദ്ഘാടനവും ഹരിത കർമ്മ സേനക്കായി വാങ്ങിയ പുതിയ വാഹനത്തിന്റെ ഉദ്ഘാടനവും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു.
- തൃശൂർ ജില്ലയിൽ തൃശൂർ കോർപറേഷനിൽ ഹരിതസ്ഥാപനങ്ങൾക്ക് ഹരിത സർട്ടിഫിക്കറ്റ് വിതരണം, ശുചികരണ തൊഴിലാളികളെ ആദരിക്കൽ എന്നിവ റവന്യു വകുപ്പ് മന്ത്രി കെ രാജൻ നിർവഹിച്ചു.
- തൃശൂർ ജില്ലയിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ പുതിയ എംസിഎഫിന്റെ ഉദ്ഘാടനം പുതുക്കാട് നിയോജകമണ്ഡലം MLA കെ കെ രാമചന്ദ്രൻ നിർവഹിച്ചു.
- തൃശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയിലുള്ള ഹരിത തീർത്ഥാടന കേന്ദ്രമായ ശ്രീകൂടൽമാണിക്യം ക്ഷേത്രത്തിൽ നാലമ്പല ദർശനത്തിനായി എത്തിച്ചേരുന്ന ഭക്തജനങ്ങൾക്കായി മാലിന്യ സംസ്കരണ ഉപാധികളും തുമ്പൂർമുഴി ഉദ്ഘാടനവും ജൂലൈ മാസത്തിൽ പൂർത്തീകരിച്ചു.
- തൃശൂർ ജില്ലയിൽ പരിയാരം ഗ്രാമപഞ്ചായത്തിലെ ഹരിത വീഥിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ സമഗ്ര പരിപാലനത്തിനായി 50,000 രൂപ വകയിരുത്തിയിട്ടുണ്ട്. CCTV സ്ഥാപിക്കുവാൻ NOC ലഭിച്ചിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് കൂടി പ്രവർത്തനത്തിന്റെ പങ്കാളിത്തം ഏറ്റെടുത്തു. പ്രധാന റോഡിന്റെ ഇരുവശങ്ങളിലുമായി അലങ്കാര ചെടികളും പൂച്ചെടികളും വെച്ചുപിടിപ്പിച്ചു. നിലവിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏകദേശം 6 കിലോമീറ്റർ ദൂരത്തിലായി ഹരിത വീഥി പ്രവർത്തനം നടക്കുന്നു.
- കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ MCF ഉദ്ഘാടനം തദ്ദേശ സ്വയംഭരണ

എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവ്വഹിച്ചു.

- കോഴിക്കോട് ജില്ലയിൽ ഹരിതകർമ്മസേന സംഗമം കൊയിലാണ്ടി നഗരസഭാ ടൗൺഹാളിൽ നടന്നു. നഗരസഭാ ചെയർപേഴ്സൺ സംഗമം ഉദ്ഘാടനം ചെയ്തു

## 10.1 ഹരിത ടൂറിസം

- ജൂൺ മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 348 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 83.05% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനത്തിന്റെ ഭാഗമായി നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ ഹരിതകേരളം മിഷനിലെ വിദഗ്ധ സംഘങ്ങളും ജനപ്രതിനിധികളും അടങ്ങുന്ന ടീം സന്ദർശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനസാധ്യതയെകുറിച്ച് വിലയിരുത്തുന്നത്തിനായ് യോഗം ചേർന്നു.

| ജില്ല | ഹരിത ടൂറിസം | | |
|---|---|---|---|
| | ആകെ കേന്ദ്രങ്ങളുടെ എണ്ണം | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രഖ്യാപനം നടന്നു | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 31 | 19 | 61.29% |
| കൊല്ലം | 32 | 20 | 62.50% |
| പത്തനംതിട്ട | 7 | 3 | 42.86% |
| ആലപ്പുഴ | 16 | 14 | 87.50% |
| കോട്ടയം | 29 | 20 | 68.97% |
| ഇടുക്കി | 58 | 52 | 89.66% |
| എറണാകുളം | 29 | 17 | 58.62% |
| തൃശൂർ | 48 | 40 | 83.33% |
| പാലക്കാട് | 37 | 37 | 100.00% |
| മലപ്പുറം | 38 | 33 | 86.84% |
| കോഴിക്കോട് | 29 | 29 | 100.00% |
| വയനാട് | 16 | 16 | 100.00% |
| കണ്ണൂർ | 34 | 34 | 100.00% |
| കാസർഗോഡ് | 15 | 14 | 93.33% |
| ആകെ | 419 | 348 | 83.05% |

- എറണാകുളം ജില്ലയിൽ പാമ്പാകുട ബ്ലോക്കിലുള്ള അരീക്കൽ, കൊച്ചരീക്കൽ വെള്ളച്ചാട്ടം എന്നീ ഹരിത ടൂറിസം കേന്ദ്രങ്ങളിൽ റീ വിസിറ്റ് നടത്തി നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. ടൂറിസം വികസനത്തിന്റെ പുതിയ സാധ്യതകൾ പരിശോധിക്കുകയും, ആദ്യഘട്ടം എന്ന നിലയിൽ സ്വീപ് ലൈൻ, ഗ്ലാസ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള പദ്ധതികൾ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു.
- എറണാകുളം ജില്ലയിൽ എളകുന്നപ്പുഴ ബീച്ച് ക്ലീനിങ് ഡ്രൈവ് ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ നടന്നു. ഹരിത ടൂറിസം കേന്ദ്രമായ പാണിയേലി പോരിന്റെ അവലോകനം നടന്നു.
- തൃശൂർ ജില്ലയിൽ പുള്ള് കോൾ ടൂറിസം തുടർപ്രവർത്തനങ്ങളുടെ ഭാഗമായി കെ എൽ ഡി സി ടെൻഡർ നടപടികൾ ജൂലൈ മാസത്തിൽ പൂർത്തീകരിച്ച് നിർമ്മാണോദ്ഘാടനം ഓഗസ്റ്റ് 30-ന് സംഘടിപ്പിക്കുവാനും തീരുമാനിച്ചു.
- വയനാട് ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രങ്ങളായ കാരാപ്പുഴ ഡാം, ചീങ്ങേരി മല എന്നീ സ്ഥലങ്ങളിലാണ് പുനപ്പരിശോധന നടത്തി. പരിശോധനയിൽ എല്ലാ ടൂറിസം കേന്ദ്രങ്ങളും ഹരിത പ്രോട്ടോകോൾ പാലിക്കുന്നുണ്ട്.
- വയനാട് ജില്ലയിൽ ഹരിത ടൂറിസം വിലയിരുത്തലിന്റെ ഭാഗമായി മേപ്പാടി ഗ്രാമപഞ്ചായത്തിലെ വനം വന്യ ജീവി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചെമ്പ്ര പീക്ക് ഇക്കോ ടൂറിസം സെന്റർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. മാലിന്യ സംസ്കരണം, പൊതു ശുചിത്വം, ഗ്രീൻ പ്രോട്ടോകോൾ

തുടങ്ങിയവ സംബന്ധിച്ച് പരിശോധന നടത്തി.

| ഹരിത ടൂറിസം 2025 ജൂലൈ | | | | | | | | |
|---|---|---|---|---|---|---|---|---|
| നടന്ന യോഗം/ ശിൽപശാല (എണ്ണം) | യോഗങ്ങളിലെ/ ശിൽപശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| 19 | 58 | 111 | 90 | 259 | 0 | 0 | 22 | 793 |

### 10.2 ഹരിത ഗ്രന്ഥശാലകൾ

ഹരിത ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പറയുന്ന നിർദേശങ്ങൾ പ്രകാരം ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ പൂർത്തിയായാൽ താലൂക്ക് ലൈബ്രറി കൗൺസിൽ വഴി അപേക്ഷിക്കുന്ന ഗ്രന്ഥശാലകൾക്ക് ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകുന്നു ഇതുപ്രകാരം കേരളത്തിലെ പ്രവർത്തനം നടക്കുന്ന 6912 ഗ്രന്ഥശാലകളിൽ നിന്നും 3124 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലയായി ഹരിത പദവി നേടിയിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ 760 ഗ്രന്ഥശാലകളെയാണ് ഹരിത ഗ്രന്ഥശാലകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ആയതിൽ 586 ഗ്രന്ഥശാലകൾ ഹരിത പദവി കരസ്ഥമാക്കിയിട്ടുണ്ട്. ഹരിത പദവി നേടിയ 586 ഗ്രന്ഥശാലകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പൂർത്തീകരിച്ചു. മറ്റു ഗ്രന്ഥശാലകളിലെ പരിശോധന നടന്നുവരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ഹരിതഗ്രന്ഥശാല പ്രവർത്തനങ്ങൾക്ക് താലുക്ക് തല സമിതിയുമായി ചർച്ച നടത്തിയിട്ടുണ്ട്. 335 ഗ്രന്ഥാലങ്ങൾ ഓഡിറ്റ് നടത്തിയതിൽ 276 ഗ്രന്ഥാലയങ്ങളെ ഹരിതഗ്രന്ഥശാലയാക്കി മാറ്റുവാൻ സാധിച്ചിട്ടുണ്ട്. ഗ്രന്ഥാലയങ്ങളിൽ പുനസന്ദർശനം നടത്തി ഹരിതഗ്രന്ഥശാലയാക്കി ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## 11. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും - തുടർ പ്രവർത്തനങ്ങൾ)

### 11.1 സുസ്ഥിര കരിമ്പ് കൃഷി (എസ്എസ്ഐ) – മറയൂർ

- ❖ മറയൂരിലെ സുസ്ഥിര കരിമ്പ് കൃഷി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഏകോപനം, ഡോക്യുമെന്റേഷൻ, പങ്കാളിത്ത പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു.
- ❖ സുസ്ഥിര കരിമ്പ് കൃഷി രീതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച ജില്ലാ കളക്ടറുടെ യോഗത്തിനായുള്ള വിവരണങ്ങൾ, അജണ്ട തയ്യാറാക്കൽ, അനിവാര്യമായ ആശയവിനിമയങ്ങൾ എന്നിവ നടത്തി. കർഷകർ, സംഘങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ പ്രധാന പങ്കാളികളുമായി ചർച്ച നടന്നു.
- ❖ ജൂലൈ 15 ന് പൈനാവിൽ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന ജില്ലാതല യോഗത്തിൽ മറയൂരിൽ സുസ്ഥിര കരിമ്പ് കൃഷി വ്യാപിപ്പിക്കുന്നതിനും വകുപ്പുതല സംയോജനം ഉറപ്പാക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. പ്രസ്തുത യോഗത്തിന്റെ സമഗ്രമായ കരട് മിനിറ്റ്സ് തയ്യാറാക്കി നൽകി.
- ❖ കരിമ്പ് കൃഷിയിലെ നൂതനമായ യന്ത്രവൽക്കരണം സാങ്കേതിക വിദ്യകൾ എന്നിവ മനസ്സിലാക്കുന്നതിനായി അഞ്ചുനാട് കരിമ്പുല്പാദക വിതരണ സംഘം അംഗങ്ങളോടൊപ്പം കോയമ്പത്തൂരിൽ നടന്ന അഗ്രി ഇൻഡക്സ് എക്സ്പോയിൽ പങ്കെടുത്തു.
- ❖ ഒരു വർഷം മുമ്പ് മറയൂർ കേന്ദ്രീകരിച്ച് നടത്തിയ മണ്ണ് പരിശോധന ക്യാമ്പയിനിന്റെ പരിശോധന ഫലങ്ങളെ വിശകലനം ചെയ്തുകൊണ്ട് മറയൂരിലെ കരിമ്പ് കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്കായി മണ്ണിന്റെ ഫലഭൂയിഷ്ഠത വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി.

### 11.2 കുഞ്ചിപ്പെട്ടിക്കുടി, കട്ടമുടിക്കുടി, കൊരങ്ങാട്ടി

- ❖ കമ്മ്യൂണിറ്റി/ ഫാം ടൂറിസം സാധ്യതകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തനതായ പ്രാദേശിക അനുഭവ സാധ്യതകളും ജൈവവൈവിധ്യ ഘടകങ്ങളും ഉൾപ്പെടുത്തി കുഞ്ചിപ്പെട്ടിക്കുടിക്കായി ഒരു സമഗ്ര ഫാം ടൂറിസം പാക്കേജ് രൂപകൽപ്പന ചെയ്തു.
- ❖ കുഞ്ചിപ്പെട്ടിക്കുടിയിൽ നടീൽ പൂർത്തിയായി. ഇപ്രാവശ്യം നെൽക്കണ്ടങ്ങൾ ഒരുക്കിയത് പൂർണ്ണമായും യന്ത്ര സഹായത്താൽ ആണ്. അതുകൊണ്ടുതന്നെ ചെലവ് ഗണ്യമായി (എട്ടിൽ ഒന്നായി) കുറയ്ക്കാൻ കർഷകർക്ക് സാധിച്ചു. ഇത്തവണ ഒരേക്കർ അധികമായി കൃഷിയിറക്കിയിട്ടുണ്ട്. ഇപ്പോൾ ആകെ 16 കർഷകർ 16 ഏക്കറിൽ ആണ് കൃഷി ആരംഭിച്ചിട്ടുള്ളത്.
- ❖ പാടത്തിന്റെ വരമ്പുകളിൽ ചെറുധാന്യ കൃഷി ആരംഭിക്കുന്നതിന് കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിന്നും വിത്തുകൾ ലഭ്യമാക്കിയിട്ടുണ്ട്. കക്കപ്പൊടി വാങ്ങിക്കുന്നതിന് കൃഷിഭവൻ മുഖാന്തിരം പ്രത്യേക സബ്സിഡി പദ്ധതി ലഭ്യമാക്കിയെങ്കിലും കട്ടമുടിക്കുടിയിലെ കർഷകർ മാത്രമാണ് പ്രയോജനപ്പെടുത്തിയത്. കുഞ്ചിപ്പെട്ടിക്കുടിയിലെ കർഷകർ എല്ലാവരും സ്വന്തം നിലയ്ക്ക് കക്ക വാങ്ങിച്ച് ഉപയോഗിച്ചു.
- ❖ കുഞ്ചിപ്പെട്ടിക്കുടിയിലെ പാടശേഖരസമിതി യോഗം ചേരുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പുത്തൻ സീസണിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. പുതിയ ഭരണസമിതി തിരഞ്ഞെടുക്കുകയും പാടശേഖരസമിതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.
- ❖ കട്ടമുടിയിൽ 24 കർഷകർ വിത്തിറക്കി. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പ്രവർത്തികൾ ആരംഭിച്ചു.
- ❖ നെൽകൃഷിയുടെ പുരോഗതിയും സേവന സാധ്യതയും വിലയിരുത്തുന്നതിനായി കുഞ്ഞിപ്പെട്ടിക്കുടിയിലും കാട്ടാമുടിക്കുടിയിലും ഫീൽഡ് വിലയിരുത്തലുകൾ നടത്തി.
- ❖ കുഞ്ചിപ്പെട്ടിക്കുടിക്കായി പ്രത്യേക നെൽകൃഷി സീസണൽ - വിള കലണ്ടർ വികസിപ്പിച്ചെടുത്തു.
- ❖ ഈ വർഷത്തെ കർഷക അവാർഡുകൾക്കായി കുഞ്ചിപ്പെട്ടിക്കുടി, കൊരങ്ങാട്ടി എന്നിവിടങ്ങളിൽ നിന്നായി മികച്ച കാർഷിക മുന്നേറ്റങ്ങളെ ഉൾപ്പെടുത്തി ആകെ 9 അപേക്ഷകളും അനുബന്ധ റിപ്പോർട്ടുകളും ഡോക്യുമെന്റേഷനും തയ്യാറാക്കി സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അവാർഡ് നിർണയ കമ്മിറ്റിയുടെ ഫീൽഡ് തല സന്ദർശനവും ഏകോപിപ്പിച്ചു.

### 11.3 നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം

- ❖ കഴിഞ്ഞമാസം 28 സന്ദർശകർ കേന്ദ്രം സന്ദർശിച്ചു. നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം സ്റ്റാഫുകൾ ഒരു തൈ നടാം ക്യാമ്പയിനിന്റെ ഭാഗമായി 500 വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ചു. കഴിഞ്ഞമാസം മൂന്നു തവണയായി സെന്ററിന്റെ അവലോകന യോഗം ചേരുകയും നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### 11.4 മാലിന്യ സംസ്കരണം - ചിന്നക്കനാൽ, വട്ടവട & മൂന്നാർ

- ❖ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിനായി പ്രദേശത്തെ മാലിന്യ ഉൽപാദനവും നിലവിലെ സംസ്കരണ രീതികളും സംബന്ധിച്ച് സമഗ്രമായ വിവരശേഖരണം നേരത്തെ നടത്തിയിട്ടുള്ളതാണ്. ഈ വിവരങ്ങൾ ക്രോഡീകരിച്ച് വിശദമായ മാലിന്യ ഉൽപ്പാദന റിപ്പോർട്ട് തയ്യാറാക്കി.
- ❖ വട്ടവടയിലെയും മൂന്നാറിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവലോകനവും ഇടപെടലും ചെയ്തുവരുന്നു. ഇതിൻന്റെ ഭാഗമായി മൂന്നാർ RRF സന്ദർശിക്കുകയും കഴിഞ്ഞമാസം നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയോ എന്ന് പരിശോധിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ ഹരിത സഹായ സ്ഥാപനമായ റിസിറ്റിയുമായി പ്രവർത്തന വിശകലനം നടത്തി.

## 12. ഗ്രീൻ പ്രോട്ടോകോൾ

- ❖ ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴയിൽ ഹരിത ചട്ടം പാലിച്ചു കൊണ്ട് ബലിതർപ്പണ ചടങ്ങുകൾ ക്രമീകരിച്ചു. ക്ഷേത്രം മുതൽ ബലിതർപ്പണ ചടങ്ങുകൾ നടക്കുന്ന കടൽത്തീരം വരെയുള്ള ഭാഗങ്ങളിൽ കുപ്പികളുൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മ സേനാംഗങ്ങൾ

ശേഖരിച്ചു. ബലിതർപ്പണ ചടങ്ങുകൾക്ക് ശേഷം കടൽത്തീരത്തെ മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെയ്തു.

- ❖ എറണാകുളം ജില്ലയിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ചോറ്റാനിക്കരയിൽ 300-ൽ അധികം കുട്ടികൾക്കും, എറണാകുളം മഹാരാജാസ് കോളേജിൽ യു.ജി ബാച്ചിലെ കുട്ടികൾക്കും ഗ്രീൻ ടോക്ക് നടത്തി.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി നഗരസഭയിലെ വിവിധ സ്ഥാപനങ്ങളിലെ ഓഫീസർമാർക്ക് ഹരിത പ്രോട്ടോകോൾ സംബന്ധിച്ച് പരിശീലനം ജില്ലാ മിഷൻ കോർഡിനേറ്റർ നൽകി.
- ❖ കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂർ യുപി സ്കൂളിൽ കുട്ടികൾക്കായി മാലിന്യ സംസ്കരണം ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച് ക്ലാസ് നൽകി.

# 13. തനത് പ്രവർത്തനങ്ങൾ

## 13.1 സുസ്ഥിര തൃത്താല

തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

### സുസ്ഥിര തൃത്താല അവലോകന യോഗം

2025 ജൂലൈ 3-ന് സുസ്ഥിര തൃത്താല പദ്ധതിയുടെ അവലോകന യോഗം പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് MGNREGS മിഷൻ ഡയറക്ടന്റെ അധ്യക്ഷതയിൽ ചേർന്നു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രതിനിധി, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് - പഞ്ചായത്ത് തല ഉദ്യോഗസ്ഥർ എന്നിങ്ങനെ 55 പേർ യോഗത്തിൽ പങ്കെടുത്തു.

## 13.2 നീർധാര

പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ സുസ്ഥിര തൃത്താല ജലസംരക്ഷണ മാതൃകയിയിൽ ജലപരിപാലന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീർധാര'. തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏകോപനത്തിലൂടെ ജലപരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കും. 'നാളത്തെ ജലസമൃദ്ധിക്കായി ഇന്നുതന്നെ സംരക്ഷണം നടത്താം' എന്നതാണ് നീർധാര പരിപാടിയിൽ ഉദ്ദേശിക്കുന്നത്. ജനകീയമായി ഇടപെടലിലൂടെ രണ്ട് വർഷക്കാലയളവിൽ പാലക്കാട് ജില്ലയിലെ ഉപരിതല ജലലഭ്യതയിലും ഭൂജലവിതാനത്തിലും മുന്നേറ്റം കൈവരിക്കുകയാണ് നീർധാര പദ്ധതിയുടെ ലക്ഷ്യം. ജൂലൈ 5, 10, 11 തീയതികളിലായി പാലക്കാട് ജില്ലയുടെ ജലസംരക്ഷണ പദ്ധതിയായ നീർധാരയുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്നു.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.07.2025 വരെ കരാറിലേർപ്പെട്ട 5,91,107 ഗുണഭോക്താക്കളിൽ 4,58,370 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്) - (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 5,04,031 | 3,76,741 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,960 | 28,023 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,91,107** | **4,58,370** |

## 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

### വ്യക്തിഗത ഭവനം

| | |
|---|---|
| ഭൗതികലക്ഷ്യം 2025-26 (ബജറ്റ് പ്രഖ്യാപനം) | - 1,00,000 |
| 2024-25-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 95,922 |
| 2025-26-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - 43,554 |
| **ആകെ** | **- 1,39,476** |
| 2025-26 വർഷം പൂർത്തീകരിച്ച വീടുകൾ | - 6,739 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - 1,32,737 |
| റൂഫ് | - 21,770 |
| ലിൻറിൽ | - 13,842 |
| ബേസ്മെന്റ് | - 18,741 |
| നിർമ്മാണം ആരംഭിച്ചവർ | - 27,262 |
| നിർമ്മാണം ആരംഭിക്കാത്തവ | - 51,122 |
| **ആകെ** | **- 1,32,737** |

| 2025 ജൂൺ വരെ | 2025 ജൂലൈ മാസം | 2025 ജൂലൈ വരെ |
|---|---|---|
| **4,57,671** | **699** | **4,58,370** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 6,538 കുടുംബങ്ങളിൽ 4,676 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.07.2025 വരെ 1,23,902 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി 31.07.2025 വരെ 2271.815 സെന്റ് (22.71 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിൻറെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ MoU ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ11.12.2024-ന് ഒപ്പിട്ട് കൈമാറുകയുണ്ടായി. ഇതിൻറെ ഭാഗമായി 57 പേരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച MoUൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

കടയ്ക്കൽ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 25 വീതം വീടുകളുടെ ശിലാസ്ഥാപനം ജനുവരി 9-നും, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ നിർമ്മിക്കുന്ന 25 വീടുകളുടെ ശിലാസ്ഥാപനം ജൂലൈ 16-നും ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷ് നിർവ്വഹിച്ചു.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

നവകേരളം കർമപദ്ധതി II, വിദ്യാകിരണം മിഷന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ കിഫ്ബി ഫണ്ട്, പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി ഭൗതികസൗകര്യ വികസനം നടത്തുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. ഇത് പ്രയോജനപ്പെടുത്തി നടത്തിയ ഭൗതികസൗകര്യ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5കോടി | 141 | 139 | 2 |
| 3 കോടി | 386 | 195 | 191 |
| 1 കോടി | 446 | 230 | 216 |
| **ആകെ** | **973** | **564** | **409** |

പാലക്കാട് ജില്ലയിലെ 1കോടി കിഫ്ബിപദ്ധതിയിൽ ഉൾപ്പെടുന്ന ജി എച്ച് എസ് വല്ലപ്പുഴ, കോഴിക്കോട് ജില്ലയിൽ 3കോടി കിഫ്ബിപദ്ധതിയിൽ ഉൾപ്പെടുന്ന ജി.യു.പി.എസ്. രാമനാട്ടുകര, വയനാട് ജില്ലയിൽ1കോടി പ്ലാൻഫണ്ടിൽ ഉൾപ്പെട്ട ജി.വി.എച്ച്.എസ്.എസ്.കരിങ്കുറ്റി എന്നീ സ്കൂളുകളുടെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നടന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

26/07/2025 ന്നവകേരളം കർമ്മ പദ്ധതി ഓഫീസിലെ പമ്പഹാളിൽ ജില്ലാ കോർഡിനേറ്റർമാരുടെ അവലോകന യോഗം നടന്നു. ഭൗതിക സൗകര്യ വികസനകാര്യങ്ങൾ, സ്കൂൾ സുരക്ഷ, ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം, ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനം-മഞ്ചാടി, ലഹരിവിമുക്ത ക്യാമ്പസ്, ജലഗുണത പരിശോധന ലാബുകൾ, കുരുന്നെഴുത്തുകൾ, NAS അവലോകനം, ഡോക്യുമെന്റേഷൻ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ അവലോകനം ചെയ്തു.

## മഞ്ചാടി പദ്ധതി

ഗണിതപഠനത്തിനായി മഞ്ചാടി എന്ന പേരിൽ ശിശുസൗഹൃദഗണിതശാസ്ത്ര പഠനപദ്ധതി സംസ്ഥാനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കഴിഞ്ഞ അക്കാദമിക വർഷം ആരംഭിച്ചു. ഗണിതം ജീവിതബന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കിയപ്പോൾ അതിനോട് വളരെ സജീവമായാണ് കുട്ടികൾ പ്രതികരിച്ചത്. ഗണിതപഠനത്തിൽ കണ്ട ഈ അനുകൂല സാഹചര്യം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എങ്ങനെ മാറ്റാം എന്ന അന്വേഷണത്തിന്റെ ഭാഗമായാണ് 28 എം ആർ എസ്സുകളിലും 72 സ്കൂളുകളിലും 2024- 25 അക്കാദമിക വർഷം മഞ്ചാടി പദ്ധതി നടപ്പാക്കിയത്.

പദ്ധതിയുടെ അടുത്തഘട്ടം എന്ന നിലയിൽ കൂടുതൽ സ്കൂളുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൂന്നാംക്ലാസിനെ കേന്ദ്രീകരിച്ചാണ് 2025-26 അക്കാദമികവർഷം സംസ്ഥാനത്തെ തിരഞ്ഞെ ടുക്കപ്പെട്ട വിദ്യാലയങ്ങളിൽ പദ്ധതി നടത്തുന്നത്. ബി ആർ സികളെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രസ്തുത ബി ആർ സികളിലെ മുഴുവൻ വിദ്യാലയങ്ങളിലേയ്ക്കും മൂന്നാം ക്ലാസുകളിൽ ഈ പദ്ധതി നടപ്പിലാക്കും. അതുപോലെ കഴിഞ്ഞവർഷം അഞ്ചാം ക്ലാസിനെ കേന്ദ്രീകരിച്ച് നടന്ന വിദ്യാലയങ്ങളിലും ഈ വർഷം ഈ പദ്ധതി നടപ്പാക്കും. കൂടാതെ കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ബി ആർ സി പരിധിയിൽ പീലിക്കോട് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 2024-25 വർഷം അഞ്ചാം ക്ലാസിൽ നടപ്പാക്കിയ പദ്ധതി 2025-26 അക്കാദമികവർഷവും തുടരുന്നതാണ്. കെ-ഡിസ്കിലെ അക്കാദമിക ടീമിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ജൂലൈ മാസത്തിൽ കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ബി.ആർ.സി.യുടെ കീഴിലുള്ള 11 വിദ്യാലയങ്ങളിലെ 5-ാം ക്ലാസ്സുകളിലും ചെറുവത്തൂർ, ബേക്കൽ ബി.ആർ.സിയുടെ കീഴിലുള്ള

വിദ്യാലയങ്ങളിലെ മുഴുവൻ 3-ാം ക്ലാസ്സുകളിലും മഞ്ചാടി ഗണിത പരിപാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി മഞ്ചാടി പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെയും ഡയറ്റ് പ്രിൻസിപ്പാൾ, ചാർജുള്ള ഡയറ്റ് ഫാക്കൽറ്റി, വിദ്യാകിരണം കോ-ഓർഡിനേറ്റർ എന്നിവരുടെയും ആലോചനാ യോഗം ചേർന്നു. ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം വിളിച്ചുചേർത്ത് പ്രോഗ്രാം വിശദീകരിക്കുന്നതിന് തീരുമാനിച്ചു.

### ക്രിയേറ്റീവ് കോർണർ

മലപ്പുറം ജില്ലയിൽ കുട്ടികളിലെ ക്രിയാത്മക ശേഷികൾ പുറത്തുകൊണ്ടു വരുന്നതിനായി SSK നടപ്പിലാക്കിയ ക്രിയേറ്റീവ് കോർണർ എന്ന പദ്ധതിയുടെ രണ്ടാമത്തെ ശില്പശാലയായ എൽ ഇ ഡി ബൾബ് നിർമ്മാണം ജി.എച്ച്.എസ്.എസ് മൂത്തേടം സ്കൂളിൽ നടന്നു. പ്രവർത്തി പഠനത്തിന്റെ ഭാഗമായി അഞ്ചാം ക്ലാസിലെ കുട്ടികൾക്ക് തയ്യൽ മെഷീനും അതിന്റെ വിവിധ ഭാഗങ്ങളും പരിചയപ്പെടുത്തുകയും തയ്യൽ മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തു. ആറാം ക്ലാസിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് വിവിധ കൈ തുന്നലുകൾ ചെയ്യുന്നതിനുള്ള പരിശീലനം നൽകി. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഭക്ഷ്യമേളയോ ടനുബന്ധിച്ച് ക്രിയേറ്റീവ് കോർണറിൽ അഞ്ചാം ക്ലാസിലെ കുട്ടികൾക്കായി കേക്ക് നിർമ്മാണ പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു.

2024 25 അക്കാദമിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ 16 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറുകൾ ആരംഭിച്ചു. 5 ലക്ഷം രൂപയുടെ ലാബ് ഉപകരണങ്ങളാണ് ഓരോ സ്കൂളിലും നൽകിയിട്ടുള്ളത്. എല്ലായിടത്തും ഉദ്ഘാടനവും എകദിന ശില്പശാലയും പൂർത്തിയായി. യു.പി വിഭാഗം കുട്ടികളുടെ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു. 2025 - 26 അക്കാദമിക വർഷത്തിൽ 6 സ്കൂളുകളിൽ കൂടി ക്രിയേറ്റീവ് കോർണറുകൾ അനുവദിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ 7 ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ക്ലാസ് റൂം ആസ് ലാബ്സ് എന്ന പദ്ധതി ആരംഭിച്ചു. ഗണിതം, മലയാളം, ഇംഗ്ലീഷ്, ശാസ്ത്രം എന്നീ വിഷയങ്ങളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പഠനഇടങ്ങളാണ് ഇവിടങ്ങളിൽ ഒരുക്കിയിട്ടുള്ളത്.

### സ്ട്രീം എക്കോ സിസ്റ്റം

മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം ബി ആർ സിക്ക് കീഴിൽ വരുന്ന സ്ട്രീം ഹബ്ബ് - ഇന്റർഗ്രേറ്റഡ് ലാബ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കുള്ള ശില്പശാല കുറ്റിപ്പുറം ബി ആർ സി യിൽ സംഘടിപ്പിച്ചു. സമഗ്രശിക്ഷാ കേരളം, ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ സഹകരണ ത്തോടുകൂടി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്ട്രീം എക്കോ സിസ്റ്റം. കൂട്ടികളിൽ ഗവേഷണ താല്പപര്യവും ഇന്നോവേഷൻ മനോഭാവവും ജീവിത നൈപുണികളും വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്.

### ടിങ്കറിങ് ലാബ്

കുട്ടികളിൽ സാങ്കേതിക വിദ്യാപ്രശ്നപരിഹാരം, നിർമിതബുദ്ധി തുടങ്ങിയവ പരിചയപ്പെടാനും പ്രായോഗികമാക്കാനുമുള്ള ഒരിടം ആയിട്ടാണ് ടിങ്കറിങ് ലാബ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിലൂടെ സർഗാത്മകത, പുതുമ, വിമർശനാത്മകചിന്ത, നേതൃപാടവം, ക്രിയാത്മകചിന്ത എന്നിവ വികസിപ്പിക്കുന്നതിനും നാളത്തെ ഗവേഷകരായി മാറാനുമുള്ള അവസരം കുട്ടികൾക്ക് ലഭ്യമാകുന്നു. നൂതന സംവിധാനങ്ങളായ കോഡിംഗ്, റോബോട്ടിക്സ്, ത്രീഡി പ്രിന്ററുകൾ, സെൻസർ ടെക്നോളജി കിറ്റ് തുടങ്ങി സമകാലിക സാമൂഹിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ടിങ്കറിങ് ലാബിന്റെ ഭാഗമായിരിക്കും. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെയാണ് പദ്ധതി സർക്കാർ നടപ്പിലാക്കുന്നത്.

നിലവിൽ പത്തനംതിട്ട ജില്ലയിൽ 5 സ്കൂളുകളിൽ സെന്റർ ഫോർ ഏർലി ഇന്നോവേഷൻ ടിങ്കുറിംഗ് ലാബ് പ്രവർത്തിച്ചു വരുന്നു. ഈ അക്കാദമിക വർഷം മറ്റ് 5 സ്കൂളുകളിൽ കൂടി ടിങ്കറിംഗ് ലാബ് തുടങ്ങാൻ ഉള്ള നടപടികൾ പുരോഗമിക്കുന്നു.

### ലഹരി വിരുദ്ധ ക്യാമ്പയിൻ

കോട്ടയം ജില്ലയിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി കോട്ടയം മൗണ്ട് കാർമ്മൽ ഹയർസെക്കൻഡറി സ്കൂളിൽ ആയിരം വിദ്യാർത്ഥിനികളുടെ സുംബാ ഡാൻസ് നടന്നു.

ഇടുക്കി ജില്ലയിൽ സ്കൂൾതലത്തിൽ ജനജാഗ്രത സമിതികൾ രൂപീകരിച്ചു. ലഹരിയുമായി ബന്ധപ്പെട്ട പ്രവണതകൾ കണ്ടെത്തുന്നതിന് സഹായകമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനങ്ങൾ നൽകി. രക്ഷാകർതൃ വിദ്യാഭ്യാസത്തിനായി പ്രത്യേക പുസ്തകങ്ങൾ തയ്യാറാക്കി ക്ലാസ്സുകൾ സംഘടിപ്പിച്ചു. "ബാല്യത്തിനും യുവത്വത്തിനും ഒപ്പം സർക്കാർ" എന്ന സംസ്ഥാനതല ക്യാമ്പയിൻ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നതിന് തീരുമാനമായി. അതോടൊപ്പം ലഹരിക്കെതിരായി സർക്കാർതലത്തിൽ തയ്യാറാക്കിയ "തെളിവാനം വരക്കുന്നവർ" എന്ന പുസ്തകം പ്രയോജനപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

### ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

ഇടുക്കി ജില്ലയിൽ ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം പദ്ധതിയോടനുബന്ധിച്ച് ജൈവമാലിന്യ സംസ്കരണം, അജൈവമാലിന്യ സംവിധാനം, ഇ-വേസ്റ്റ്' പരിപാലനം എന്നിവ നടപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ 493 സ്കൂളുകളിലായി ആരംഭിച്ചിട്ടുണ്ട്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 1 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 24 (56%) | 10 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 152 | 105 (68%) | 17 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 737 (83%) | 54 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/07/2025 വരെ 1,35,74,701 (75%) വ്യക്തികളുടെ സർവേ പൂർത്തിയായി. 01/07/2025 മുതൽ 31/07/2025 വരെ 3,80,819 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,41,484 (37%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 5,257 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 3,976 (1%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 8,090 (2%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 5,008 (1.3%) പേർക്ക്കുഷ്ഠരോഗ സാധ്യതയുള്ളതായും 86,699 (23%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 9,774 (2.6%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 3,621 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- 01/07/2025 മുതൽ 31/07/2025 വരെ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 1,37,009 (ആകെ പരിശോധിച്ചവരിൽ 25%) പേർക്ക് രക്താതിമർദ്ദവും 19,008 (ആകെ പരിശോധിച്ചവരിൽ 3%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 17,48,479(13%) പേരുടേയും പ്രമേഹം മാത്രമുള്ള 11,79,658 (8.7%) പേരുടേയും ഇവ രണ്ടുമുള്ള 7,88,030 (5.8%) രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാതല ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 1,35,74,701 (75%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 2,54,987 (1.9%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- 2025 ജൂലൈ മാസത്തിൽ മാത്രം (01/07/2025 മുതൽ 31/07/2025 വരെ) 3,80,819 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 5,257 (1.4%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർ പരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾതിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്.എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു.
- സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ളബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.
- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസറിന് റോബോട്ടിക് പീഡിയാട്രിക് സർജറി ആരംഭിച്ചു.
- ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി “ആരോഗ്യം ആനന്ദം അകറ്റാം അർബുദം” എന്ന ജനകീയ ക്യാമ്പയിൻ 2025 ഫെബ്രുവരി 4 നു ആരംഭിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 മാർച്ച് 8 വരെയുള്ള ആദ്യഘട്ട ക്യാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ ക്യാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടു. ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ പുരുഷന്മാരെ കൂടെ ബാധിക്കുന്ന വദനാർബുദം, കുടലിലെ അർബുദം (Colon Cancer), ശ്വാസകോശ അർബുദം എന്നീ ക്യാൻസറുകൾക്കു സാധ്യതയുള്ളവരെ

കൂടി കണ്ടെത്തി സ്ക്രീനിങ്ങിന് വിധേയരാക്കുന്നു "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" ക്യാമ്പയിനിൽ 31/07/2025 വരെ 1536 ആശുപത്രികളിലൂടെ 17,21,047 പേർ സ്ക്രീനിംഗിന് വിധേയരാവുകയും അതിൽ 53,803 പേരെ ക്യാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

- ❖ വാർഷിക ആരോഗ്യ പരിശോധന വഴി രോഗ സാധ്യത കണ്ടെത്തിയവരുടെ വീടുകൾ വാർഡ് തലത്തിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വദനാർബുദ സ്ക്രീനിഗ് നടത്തുവാനും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രധാന ആശുപത്രികൾ എന്നിവിടങ്ങളിൽ വദനാർബുദ സ്ക്രീനിംഗ് സൗകര്യം ലഭ്യമാക്കുവാനുമുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.
- ❖ ഗർഭാശയഗള (സെർവിക്കൽ) ക്യാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് എച്ച്പിവി വാക്സിനേഷൻ നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ ഗർഭാശയഗള ക്യാൻസർ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനായി സംസ്ഥാനം വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എച്ച്പിവി വാക്സിനേഷൻ സംബന്ധിച്ച അവബോധ ക്യാമ്പയിനും സംഘടിപ്പിക്കും. ടെക്നിക്കൽ കമ്മിറ്റിയുടെ മാർഗനിർദേശമനുസരിച്ചായിരിക്കും അവബോധ സന്ദേശങ്ങൾ തയ്യാറാക്കുക

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും പ്രവർത്തനക്ഷമമാണ്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ്പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്തി ലാബ് നെറ്റുവർക്ക് സംവിധാനം ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിനായുള്ള പരിശീലനങ്ങൾ പൂർത്തിയായി.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കിക്കൊണ്ട് സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്കിംഗ് സാമ്പിൾ ട്രാൻസ്പോർട്ടേഷൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുവാനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. ഇതിനായുള്ള പരിശീലനങ്ങൾ പുരോഗമിക്കുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

- പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻതയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.
- പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം ആയുർവേദ, ഹോമിയോ ഡോക്ടർമാർക്ക് നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 1,09,368 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 26,866 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുംപ്രവർത്തിക്കുന്നു.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മുൻഗണന ഗൃഹ സന്ദർശനത്തിലൂടെ ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 1,73,733 പേർക്ക് സേവനങ്ങൾ നൽകി വരുന്നു.
- എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) 5 സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് യൂണിറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ 31/07/2025 വരെ1,35,74,701 (75%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,25,723 (0.93%) കിടപ്പുരോഗികളും 2,09,339 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 44,39,563 (32.7%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- 2025 ജൂലൈ മാസം (01/07/2025 മുതൽ 31/07/2025 വരെ) 3,80,819 (2%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 3,151 (0.83%) കിടപ്പുരോഗികളും 5,449 (1.4%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 1,19,847 (31.5%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 5,212 (1.4%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.

- 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും സംയോജിപ്പിച്ചു കൊണ്ടുള്ള പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ സോഫ്റ്റ് വെയർ ലോഞ്ച് 2025 മാർച്ച് മാസം ബഹു: മുഖ്യമന്ത്രി നിർവഹിച്ചു.
- പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും വിവിധ സേവനദാതാക്കളെയും പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി ബന്ധപ്പെടുത്തും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രിഡ് രജിസ്ട്രേഷൻ, പരിശീലനങ്ങൾ എന്നിവ ജില്ലകളിൽ പൂർത്തിയായി. സന്നദ്ധപ്രവർത്തകരുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.
- സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെയാണ് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകളേയും കൂട്ടായ്മകളേയും ഗ്രിഡിന്റെ ഭാഗമാക്കും. സന്നദ്ധ സംഘടനകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രാഥമിക രജിസ്ട്രേഷനും ആരോഗ്യ സേവനങ്ങൾ നൽകുന്നവർക്ക് ആരോഗ്യ വകുപ്പിന്റെ രജിസ്ട്രേഷനും നൽകി വരുന്നു.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ നടന്നുവരുന്നു.
- കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായിപുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- 2025 ജനുവരി 1 മുതൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്തം നവകേരളം, ഗുണമേന്മയിൽ അധിഷ്ഠിതമായ പാലിയേറ്റീവ് പരിചരണം എന്നിവ പൂർണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സംസ്ഥാനതല ക്യാമ്പയിൻ ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ ആരംഭിച്ചു.
- സാന്ത്വന പരിചരണ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തമുറപ്പാക്കുകയും നിലവിലെ ഗൃഹകേന്ദ്രീകൃത പരിചരണത്തോടൊപ്പം നിരാലംബരായ വയോജനങ്ങളെ പാർപ്പിച്ചിരിക്കുന്ന ഹോമുകൾ, സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും പ്രവർത്തിക്കുന്ന വൃദ്ധ മന്ദിരങ്ങൾ എന്നിവിടങ്ങളിൽക്കൂടി പാലിയേറ്റീവ് കെയർ സേവനം എത്തിക്കുന്നതിന്റെ ഭാഗമായി, ഗ്രാമ, നഗര വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും കുടുംബങ്ങളെയും കണ്ണി ചേർത്തുകൊണ്ട് എ പി എൽ, ബി പി എൽ വ്യത്യാസമില്ലാതെ മികച്ച

പരിചരണം ഉറപ്പാക്കാനുമായി ജനകീയ മുന്നേറ്റം നടത്താനാണ് ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത്.

- ❖ സംസ്ഥാനത്തെ കിടപ്പുരോഗികളായ എല്ലാവർക്കും കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് പ്രവർത്തനത്തിന്റേയും സംസ്ഥാനതല ഉദ്ഘാടനം 2025 ജൂൺ മാസം ബഹു: മുഖ്യമന്ത്രി നിർവഹിച്ചു.
- ❖ ഇതിലൂടെ സർക്കാർ-സ്വകാര്യ-സന്നദ്ധ മേഖലകളിലെ ആയിരക്കണക്കിന് പാലിയേറ്റീവ് യൂണിറ്റുകളെ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുവാനും അതിലൂടെ കിടപ്പിലായ ഓരോ രോഗിയെയും അവരുടെ തൊട്ടടുത്തുള്ള പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുമായി ബന്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2- ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- ❖ ആദ്യ ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ നാല് ജില്ലകളിലും ആദ്യ മൂന്ന് വർഷത്തെയും ലക്ഷ്യങ്ങൾ കൈവരിച്ചു.
- ❖ ഈ വർഷം മറ്റ് ജില്ലകളിൽ കൂടി പൂർണ്ണ തോതിൽ വൺ ഹെൽത്ത് പ്രവർത്തനങ്ങൾ ആരംഭിക്കാൻ ലോക ബാങ്കുമായി ചർച്ചകൾ നടന്നു വരുന്നു.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള വിവിധ പരിശീലനങ്ങൾ, ആസൂത്രണ ശില്പശാല, ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാല എന്നിവ സംഘടിപ്പിച്ചു.
- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി.
- ❖ പരിശീലനം ലഭിച്ച 2,53,726 സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി സാമുഹ്യാധിഷ്ഠിത രോഗ നിരീക്ഷണം ശക്തിപ്പെടുത്തി സംയുക്ത പരിശോധനകൾ നടന്നു വരുന്നു.
- ❖ ആലപ്പുഴ ജില്ലയിൽ 77,516 സന്നദ്ധ പ്രവർത്തർക്കും, കോട്ടയം ജില്ലയിൽ 75,726 പേർക്കും, ഇടുക്കി ജില്ലയിൽ 47,488 പേർക്കും, പത്തനംതിട്ട ജില്ലയിൽ 51,971 പേർക്കും പരിശീലനം നൽകി സാമുഹ്യാധിഷ്ഠിത രോഗ നിരീക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനു ലക്ഷ്യം വച്ചു കൊണ്ട് സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.

- ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽസാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നിലവിൽ വരുത്തുക എന്നതാണ്. എന്നാൽ പമ്പാബേസിൻ ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (266) ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് ടൂൾ കിറ്റ് ഫീൽഡുതലത്തിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്ക്കരിച്ച് അന്തിമരൂപത്തിലാക്കുന്നതിനുള്ള ടേബിൾ ടോപ് എക്സർസൈസ് 2025 ഫെബ്രുവരി മാസത്തിൽ സംഘടിപ്പിച്ചു. ഇതിൽ വിവിധ തലത്തിലുള്ള വിദഗ്ധർ പങ്കെടുത്തു.
- കോഴിക്കോട് ജില്ലയിൽ വൺ ഹെൽത്ത് സെൻറർ ഫോർ നിപ റിസർച്ച് പ്രവർത്തിക്കുന്നു. നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ പ്രത്യേക കർമ്മപദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- നായ്ക്കൾ മൂലമുള്ള പേവിഷബാധ ഇല്ലാതാകുന്നതിന് സംസ്ഥാനതല ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനുള്ള ശില്പശാല സെന്റർ ഫോർ വൺ ഹെൽത്ത് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു.
- ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- 16,912 സന്നദ്ധപ്രവർത്തകർക്ക് സി.ബി.എസ് സംബന്ധിച്ച ഓറിയന്റേഷൻ നൽകുകയും ആരോഗ്യത്തെ ബാധിക്കാവുന്ന 172 സംഭവങ്ങൾ സന്നദ്ധ പ്രവർത്തകർ റിപ്പോർട്ട് ചെയ്യുകയും നടപടികൾ ആവശ്യമായവ സ്വീകരിക്കുകയും ചെയ്തു.
- ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് 2461 വാട്സാപ് ഗ്രൂപ്പുകളാണ് 4 ജില്ലകളിലുമായി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ ഈ കാലയളവിൽ 221 തദ്ദേശ സർക്കാരുകളിൽ ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.
- ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാനുള്ള ബോധവൽകരണ പ്രവർത്തനങ്ങളും ഏകാരോഗ്യത്തിന്റെയും കാർസാപ്പ് പദ്ധതിയുടെയും ഭാഗമായി നടക്കുന്നു. ആലപ്പുഴ ജില്ലയിൽ ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR) പ്രവർത്തനങ്ങളുടെ ഭാഗമായി അമരം എന്ന ക്യാമ്പയിനും നടന്നു വരുന്നു.
- ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് നിരീക്ഷണത്തിനായി ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ സംവിധാനമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്.
- കാർസാപ്പ് ശൃംഖലയിൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ 59 ഹബ്ബ് ആശുപത്രികളും 185 സ്പോക്ക് ആശുപത്രികളും ഉണ്ട്.
- ആന്റിബയോട്ടിക്കുകൾ പ്രിസ്ക്രിപ്ഷൻ കൂടാതെ ഡിസ്പെൻസ് ചെയ്യാതിരിക്കാനുള്ള ബോധവൽക്കരണവും പരിശോധനകളും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.
- 2025 ഡിസംബർ മാസത്തോടെ കേരളത്തെ സമ്പൂർണ്ണ ആന്റിബയോട്ടിക്ക് സാക്ഷര സംസ്ഥാനമാക്കാനാണ് ലക്ഷ്യമിടുന്നത്.
- ജൂലൈ മാസത്തിൽ, ഏകാരോഗ്യം പരിപാടിയുടെ 4-ാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം (സി.ബി. എസ്) നടപ്പിലാക്കുന്നതിനുള്ള തീരുമാനം അതാത് ഭരണ സമിതികൾ കൈക്കൊള്ളുകയും 62 ഇടങ്ങളിൽ ഇതു സംബന്ധിച്ച ഔദ്യോഗിക രേഖകൾ കൈമാറ്റം ചെയ്യുകയും ചെയ്തു. നിലവിൽ 125 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സി.ബി.എസ് നടപ്പിലാക്കുന്നതിന് തീരുമാനമെടുത്ത് രേഖകൾ കൈമാറിയിട്ടുള്ളത്.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകാരോഗ്യം പരിപാടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ വകുപ്പായ ആരോഗ്യ വകുപ്പിൽ നിന്നും വൺ ഹെൽത്ത് മെന്റർമാരെ തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇടുക്കി, കോട്ടയം ജില്ലകളിലെ

വൺ ഹെൽത്ത് മെന്റർമാരുടെ തെരഞ്ഞെടുപ്പ് പൂർത്തികരിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽവീതമാണ് തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയിട്ടുള്ളത്.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മലമ്പനി (മലേറിയ), മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, മീസിൽസ്, കാലാ അസാർ തുടങ്ങിയ രോഗങ്ങളാണ് നിവാരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്നത്.
- ❖ രോഗനിവാരണത്തിന് നിലവിലുള്ള സംസ്ഥാന/ജില്ലാ തല മാനദണ്ഡങ്ങൾതദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽഉറപ്പാക്കുവാനുള്ള വിവരശേഖരണവും, വിവരങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ക്രോഡീകരണവും, തുടർ പ്രവർത്തനങ്ങളുമാണ് നിലവിൽ നടന്നു വരുന്നത്.
- ❖ സംസ്ഥാനത്ത് 1019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തദ്ദേശീയ മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- ❖ 2024 വർഷത്തിൽ ആകെ 959 മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്തു. ഇവയിൽ ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി21 തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ 2022, 2023, 2024 വർഷങ്ങളിൽ തദ്ദേശീയ മലമ്പനി റിപ്പോർട്ട് ചെയ്യാത്ത കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ സബ്-നാഷണൽ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ 11 ജില്ലകൾ മന്ത് രോഗ നിവാരണത്തിനുള്ള അർഹത കൈവരിച്ചു.
- ❖ മന്ത് രോഗ പ്രതിരോധത്തിനായുള്ള MDA (മാസ്സ്ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പൂർത്തീകരിച്ചതിനു ശേഷം മലപ്പുറം, പാലക്കാട് ജില്ലകളിൽ മൈക്രോഫൈലേറിയ സർവേയും Transmission Assessment Survey പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- ❖ മന്ത്രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ രോഗ നിവാരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സുസ്ഥിരവികസന ലക്ഷ്യങ്ങൾപ്രകാരമുള്ള ലക്ഷ്യം കൈവരിച്ചിട്ടിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുവാനും രോഗനിരീക്ഷണത്തിനുമായുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.
- ❖ സംസ്ഥാനത്തെ എല്ലാ ജില്ലകളും കാലാ അസാർ നിവാരണത്തിനുള്ള അർഹത കൈവരിച്ചിട്ടുണ്ട്.
- ❖ കുഷ്ഠരോഗികളെ കണ്ടെത്തുന്നതിനുള്ള Leprosy Case Detection Campaign (LCDC) ക്യാമ്പയിൻ 2025 ഫെബ്രുവരി മാസത്തിൽ എല്ലാ ജില്ലകളിലും നടന്നു.
- ❖ കുഷ്ഠരോഗികളുമായിസമ്പർക്കത്തിലുള്ളവർക്കായുള്ള Post Exposure Prophylaxis സംസ്ഥാനത്ത് ആരംഭിച്ചു.
- ❖ മികച്ച ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. 2024 ഡിസംബർ 7 മുതൽ 2025 മാർച്ച് 7 വരെ നടന്ന ക്ഷയരോഗ നിവാരണ പദ്ധതിയുടെ 100 ദിനകർമ്മ പരിപാടിയിൽ പരമാവധി നാറ്റ് ടെസ്റ്റ് ചെയ്തതിനുള്ള പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിപുലമായ ക്യാമ്പയിനാണ് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചത്.
- ❖ 131 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗ മുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.
- ❖ വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്.
- ❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ

ജില്ലകളിലും നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ളപ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

- 529 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024-ൽ കുട്ടികളിലെ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടില്ല.
- Measles, Rubella രോഗങ്ങൾ 2028 ഓടെ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ആദ്യഘട്ടമായി സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 55 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 49 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 85 |
| നിർമ്മാണം പൂർത്തിയായവ | 55 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 49 |
| നിർമ്മാണം പുരോഗമിക്കുന്നവ | 30 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 3 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, വെൽനെസ്സ് എന്നിവയ്ക്കായി ശീലവൽക്കരണം നടത്തുവാൻ ലക്ഷ്യമിട്ടുള്ള വിവിധ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു. പ്രമേഹവും രക്താതിമർദ്ദവും പിയർ ഗ്രൂപ്പ് ഇടപെടലുകളിലൂടെ നിയന്ത്രിക്കാനുള്ള Structured Lifestyle Modification ക്യാമ്പയിൻ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു.
- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.
- ജലജന്യ രോഗ പ്രതിരോധത്തിനായുള്ള 'ശുദ്ധം കുടിനീർ', എലിപ്പനി പ്രതിരോധത്തിനുള്ള 'മൃത്യുമജയം' എന്നീ ക്യാമ്പയിനുകളും കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു.
- ഇടുക്കി ജില്ലയിൽ 'ആരോഗ്യജീവനം' ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽവിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച്

വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായിനടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷയും ആരോഗ്യ അവബോധവുംഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി പുരോഗമിക്കുന്നത്.
- ❖ ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനായി വീട്ടുമുറ്റ ആരോഗ്യസംവാദമായ “കോലായക്കൂട്ടം” എന്ന പരിപാടി കാസർഗോഡ് ജില്ലയിൽ നടന്നു വരുന്നു.
- ❖ പുകയിലയ്ക്കെതിരെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ബോധവത്കരണം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളെ പുകയിലരഹിതമാക്കുക എന്ന ലക്ഷ്യമിട്ട് 'പുകയിലരഹിതം ലഹരിമുക്തം എന്റെ വിദ്യാലയം' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിദ്യാലയങ്ങളുമായി ചേർന്ന് നടപടികൾ ഏകോപിപ്പിക്കും. പുകയിലരഹിത വിദ്യാലയ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും പുകയിലരഹിതമായി പ്രഖ്യാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ SHSRC യുടെ നേതൃത്വത്തിൽ നടന്ന് വരുന്നു.
- ❖ പകർച്ചവ്യാധി പ്രതിരോധം ജീവിതശൈലീ രോഗ പ്രതിരോധം, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- ❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക,അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട്സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) പ്രവർത്തനം ആരംഭിച്ചു.
- ❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു.
- ❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽതെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- ❖ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്.
- ❖ കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾസംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു.
- ❖ നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 40 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ10 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 5 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 9 എണ്ണത്തിന്റെവിവരശേഖരണം നടന്നു കൊണ്ടിരിക്കുന്നു. മറ്റുള്ളവ പ്രാഥമിക ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 7 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 3005 യോഗങ്ങൾ ജൂലൈ മാസം നടന്നിട്ടുണ്ട്.
- ഒരു തൈ നടാം ക്യാമ്പയിനായി 1831 യോഗങ്ങളും പച്ചത്തുരുത്തിനായി 255 യോഗങ്ങളും, ജലബജറ്റിനായി 107 യോഗങ്ങളും, ഹരിത സ്ഥാപനങ്ങൾക്കായി 41 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 87 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 35 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 169 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 19 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- വിവിധ യോഗങ്ങളിൽ 8620 ജനപ്രതിനിധികളും 12514 ഉദ്യോഗസ്ഥരും, 14446 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 35600 പേർ ജൂലൈ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- ഹരിത കേരളം മിഷൻ 65 പരിശീലനങ്ങൾ ജൂലൈ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 4345 പേർ പങ്കെടുത്തിട്ടുണ്ട്.
- ജനകീയമായ പ്രവർത്തങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 157 സന്നദ്ധ പ്രവർത്തനങ്ങൾ ജൂലൈ മാസം നടന്നിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ജൂലൈ മാസത്തിൽ 248112 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം 2025 ജൂലൈ മാസം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം/ശില്പശാലകൾ (എണ്ണം) | നടന്ന യോഗങ്ങളിലെ/ശില്പശാലകൾ പങ്കാളിത്തം | | | | മിഷൻ നൽകിയ പരിശീലനങ്ങൾ | | നടന്ന സന്നദ്ധ പ്രവർത്തനങ്ങളുടെ എണ്ണം | നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | | |
| മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | | | | | | | |
| ഹരിതവിദ്യാലയം, ഹരിത കലാലയം | 41 | 48 | 236 | 79 | 363 | 7 | 898 | 0 | 1425 |
| ഹരിത ഓഫീസ് | 18 | 25 | 125 | 65 | 215 | 1 | 52 | 0 | 565 |
| ഹരിത ടൂറിസം | 19 | 58 | 111 | 90 | 259 | 0 | 0 | 22 | 793 |
| ഹരിതടൗണുകൾ, പൊതുസ്ഥലങ്ങൾ | 34 | 88 | 80 | 155 | 323 | 0 | 0 | 37 | 1490 |
| ഹരിത ഗ്രന്ഥശാല | 47 | 84 | 89 | 571 | 744 | 1 | 17 | 12 | 1397 |
| റെസിഡന്റ്സ് അസോസിയേഷൻ | 1 | 0 | 0 | 13 | 13 | 0 | 0 | 0 | 13 |
| വനമേഖലയിലെ മാലിന്യ പരിപാലനം | 2 | 5 | 16 | 12 | 33 | 0 | 0 | 0 | 44 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 35 | 212 | 134 | 329 | 675 | 0 | 0 | 0 | 862 |
| ഹരിത KSRTC. | 7 | 12 | 38 | 63 | 113 | 0 | 0 | 5 | 246 |
| ഗ്രീൻപ്രോട്ടോക്കോൾ | 18 | 25 | 62 | 260 | 347 | 0 | 0 | 3 | 51760 |
| മറ്റ് പ്രവർത്തനങ്ങൾ | 71 | 219 | 554 | 1340 | 2113 | 12 | 953 | 20 | 5501 |
| ജലസംരക്ഷണ പ്രവർത്തനങ്ങൾ | | | | | | | | | |
| മാപത്തോൺ | 19 | 56 | 50 | 36 | 142 | 0 | 0 | 0 | 167 |
| ജല ബജറ്റ് | 107 | 392 | 545 | 548 | 1485 | 8 | 45 | 0 | 2148 |
| നീരുറവു | 42 | 158 | 296 | 202 | 656 | 0 | 0 | 0 | 724 |
| സാങ്കേതിക സമിതിയോഗം | 23 | 102 | 226 | 43 | 371 | 0 | 0 | 0 | 371 |
| പാറക്വാറി പ്രവർത്തനങ്ങൾ | 3 | 8 | 6 | 18 | 32 | 0 | 0 | 0 | 44 |
| ജലഗുണനിലവാര ലാബ് | 37 | 77 | 164 | 40 | 281 | 1 | 24 | 0 | 423 |
| കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | | | | | | | |
| ഹരിത സമൃദ്ധി വാർഡ്/ തരിശു രഹിത ഗ്രാമം | 56 | 103 | 120 | 221 | 444 | 0 | 0 | 0 | 1658 |
| പച്ചത്തുരുത്തു | 255 | 658 | 504 | 513 | 1675 | 0 | 0 | 17 | 3069 |
| തെങ്ങിന് തടം മണ്ണിന് ജലം | 113 | 407 | 344 | 320 | 1071 | 0 | 0 | 0 | 2509 |
| ഒരു തൈ നടാം ക്യാമ്പയിൻ | 1831 | 4433 | 7016 | 8507 | 19956 | 0 | 0 | 40 | 167687 |
| നെറ്റ് സീറോ കാർബൺ | 87 | 564 | 653 | 505 | 1722 | 35 | 2356 | 1 | 4312 |
| കോർഗ്രൂപ് യോഗം | 44 | 139 | 137 | 220 | 496 | 0 | 0 | 0 | 496 |
| മറ്റ് പ്രവർത്തനങ്ങൾ | | | | | | | | | |
| തനതു പ്രവർത്തനം | 10 | 49 | 245 | 114 | 408 | | | | |
| കളക്ടറുടെ ജില്ലാ യോഗം | 4 | 2 | 110 | 7 | 119 | | | | |
| ജില്ലാ മിഷൻ യോഗം | 2 | 96 | 89 | 12 | 197 | | | | |
| തദ്ദേശ മിഷൻ യോഗം | 79 | 600 | 564 | 183 | 1347 | | | | |
| ആകെ | 3005 | 8620 | 12514 | 14466 | 35600 | 65 | 4345 | 157 | 248112 |